

FEBRUARY
2025

# THE BIBLE TRUTH

# ബൈബിൾ ട്രൂത്ത്

**പിതാവായ ദൈവം**

↓

**പുത്രനായ ക്രിസ്തു മുഖാന്തരം**

↓

**അപ്പൊസ്തലന്മാർക്ക് നൽകി**

↓

**അപ്പൊസ്തലന്മാർ മുഖാന്തരം**

↓

**സർവ്വ ലോകത്തിനും നൽകി**

↓

**ആ രക്ഷാദൂത് സകല മനുഷ്യരും അനുസരിക്കണം**

- *രക്ഷിക്കപ്പെടുന്നവരെ കർത്താവ് സഭയോടു ചേർക്കുന്നു.*
- *നാമധേയ വിഭാഗങ്ങളെല്ലാം ദൈവ പദ്ധതിക്കു പുറത്താണ്.*
- *കൃപയാൽ സൗജന്യമായത്രെ ദൈവം രക്ഷിക്കുന്നത്.*
- *വിശ്വസിക്കുന്നവർ പാപങ്ങളെ വിട്ട് മാനസാന്തരപ്പെടും.*
- *പാപമോചനത്തിന് ക്രിസ്തുവിന്റെ ഉപദേശം അനുസരിക്കണം.*
- *നിത്യജീവന്റെ വചനമാണ് പുതിയ നിയമത്തിലുള്ളത്.*
- *പിതാവിന്റെ ഉപദേശപ്രകാരമാണ് ക്രിസ്തു സംസാരിച്ചത്.*

# THE BIBLE TRUTH

**Editor**
**P.K. VARGHESE**

000

**Published by Church of Christ**

**പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം**

**Vol. 49** **February 2025** **No.13**


## എഡിറ്റോറിയൽ

എല്ലാ രാജ്യങ്ങളിലും ഇപ്പോൾ വികസനത്തിന്റെ ധ്വനികൾ ഉയർന്നു കേൾക്കുന്നുണ്ട്. പല രീതിയിലുള്ള വികസനമാണ് ഓരോ രാജ്യത്തിലും നടക്കുന്നത്. മനുഷ്യർ പെരുകുന്നതോടെ അവരുടെ ആവശ്യങ്ങളും വർധിക്കുന്നു. അത് കൊണ്ട് പരിഷ്കൃത മനുഷ്യരും അതനുസരിച്ച് ചിന്തിക്കുന്നത് സ്വാഭാവികമാണ്. ചില കാര്യങ്ങളിൽ വികസനം നടത്തുകയും മറ്റു കാര്യങ്ങളിൽ നടത്താതിരിക്കുകയും ചെയ്യുന്ന ഭരണത്തലവന്മാരുണ്ട്. അക്കാരണത്താൽ ഭരണം നഷ്ടപ്പെടുന്നവരുമുണ്ട്. സാമൂഹികമായും സാങ്കേതികമായും വളരുന്ന സാഹചര്യം നല്ലതാണെന്ന് ഒരു വിധത്തിൽ പറയാം. എങ്ങനെയാണെങ്കിൽ എന്നതാണ് നോക്കേണ്ടത്. മനുഷ്യരുടെ ഭൗതികവും പ്രാഥമികവുമായ ആവശ്യങ്ങൾ നടത്തിക്കൊടുക്കുവാൻ സന്നദ്ധ സംഘടനകൾ ധാരാളമുണ്ട്. മനുഷ്യരുടെ ജീവിത നിലവാരം ഉയർത്തുവാൻ ലക്ഷ്യമിടുന്നതാണ് എല്ലാ ഭൗതിക പുരോഗമന മാർഗ്ഗവും. ലോകപ്രകാരം ജനങ്ങൾ കൈവരിക്കുന്ന നേട്ടങ്ങളുടെ ഭാഗമാണിത്. പ്രകൃതിയെ, ഭൂമിയെ, ഭൗമിക വസ്തുക്കളെയെല്ലാം വികസനത്തിന്റെയും പുരോഗതിയുടെയും പേരിൽ ദുരുപയോഗം ചെയ്യുന്നു. അതിന്റെ ഫലമായി കാലാവസ്ഥയ്ക്ക് പോലും മാറ്റം ഉണ്ടാകുന്നുണ്ട്.

മനുഷ്യരുടെ ജീവിതം ഭൗതിക സൗകര്യങ്ങളെ മാത്രം ആസ്പദമാക്കി നയിക്കേണ്ടതാണെന്ന ധാരണ പലരിലും ഉണ്ട്. അതുകൊണ്ട് അവർ ഇത്തരം കാര്യങ്ങൾക്കു മാത്രം ഊന്നൽ കൊടുക്കുന്നു. തൽഫലമായി അവർ മറ്റൊരു വശം കാണാതെ പോകുന്നു. പുറമെ എന്തെല്ലാം

മാറ്റങ്ങൾ വരുത്തിയാലും ഏതെല്ലാം രീതിയിൽ ഉയർന്നാലും മനുഷ്യന്റെ അന്തർഭാഗം ഉയരുന്നില്ലെങ്കിൽ സാമൂഹ്യവിരുദ്ധർ വർദ്ധിക്കും. മാധ്യമങ്ങൾക്ക് ധാരാളം വാർത്തയും കിട്ടും. രാഷ്ട്രീയക്കാർക്ക് മുതലെടുപ്പും നടത്താം. അവരുടെ വ്യവസായ വളർച്ചയ്ക്ക് ഇത് കാരണമായി തീരുന്നു. സമൂഹം ഇന്നു നേരിട്ടുകൊണ്ടിരിക്കുന്നത് ദാരിദ്ര്യമല്ല, മറിച്ച് സൽസ്വഭാവരാഹിത്യമാണ്. ഇതാണ് സമൂഹത്തെ നശിപ്പിച്ചുകൊണ്ടിരിക്കുന്നത്. മതങ്ങളുടെയോ മതസംഘടനകളുടെയോ കുറ്റമല്ല ഇതിന് കാരണം. അടിസ്ഥാനപരമായി മതങ്ങൾ മനുഷ്യരുടെ ഭൗതികാവശ്യങ്ങൾക്ക് ഊന്നൽ കൊടുക്കുന്നു. സമൂഹത്തിൽ നീതിബോധം വളർത്തേണ്ടത് മാതാപിതാക്കളുടെയും അദ്ധ്യാപകരുടെയും കടമയാണ്. മാതിപിതാക്കൾ കുട്ടികളെ സൽസ്വഭാത്തിന് മുൻതൂക്കം കൊടുത്ത് പഠിപ്പിക്കണം. തന്റെ കുട്ടിക്ക് മറ്റു കുട്ടികളെക്കാൾ മാർക്കു കുറഞ്ഞാലും സത്യസന്ധതയ്ക്കും അനുസരണത്തിനും അവരെ പ്രോത്സാഹിപ്പിക്കാൻ കഴിയണം. എന്തു ചെയ്താലും കുറേ പണം ഉണ്ടാക്കണം എന്ന ചിന്ത അവരിൽ വളരുവാൻ പാടില്ല. ഇന്നത്തെ വിദ്യാഭ്യാസത്തിന് തന്നെ മാറ്റം അനിവാര്യമാണ്.

വസ്തുക്കൾ ക്രയവിക്രയം നടത്തുന്നത് പോലെ സ്ത്രീകളെയും പുരുഷന്മാരെയും വിൽക്കുന്ന സ്ഥിതിയിലേക്ക് മാറിയിരിക്കുന്നു. കൊച്ചുകുട്ടികളെ ദാരിദ്ര്യം മൂലം വിൽക്കുന്ന ഒറ്റപ്പെട്ട സംഭവങ്ങൾ നടക്കുന്നുണ്ട്. എന്നാൽ യുവത്വത്തെ വിൽക്കുന്നത് എത്ര വേദനാജനകമാണ്. ഈ വികസനം കൊണ്ട് ഇത് മാറ്റാൻ കഴിയും.

മാതാപിതാക്കളിൽ ആത്മിക ചിന്ത ഇല്ല. അതു കൊണ്ട് കുട്ടികൾക്ക് അവർ മാതൃകയാകുന്നില്ല. മാതാപിതാക്കളാണ് കുട്ടികൾക്ക് മാതൃക കാണിച്ചുകൊടുക്കേണ്ടത്. കുട്ടികളെ ബാല്യത്തിൽ പഠിപ്പിക്കേണ്ട നീതിബോധവും ആരും പഠിപ്പിക്കുന്നില്ല. ഉയർന്ന വിദ്യാഭ്യാസവും ജോലിയും ലക്ഷ്യമാക്കി ആവരെ പഠിപ്പിക്കുമ്പോൾ അവർ ആ നിലയിലാണ് വളരുന്നത്. ആത്മികസ്വഭാവം ആവരിൽ കാണാൻ കഴിയുകയില്ല. തലമുറ നന്നാകുന്നത് കാണണമെങ്കിൽ അവരിൽ ആത്മിക ചിന്ത വളർത്തണം. ഞാനും നിങ്ങളും അതിനാണ് ഊന്നൽ കൊടുക്കേണ്ടത്.

★

# ഒരു ക്രിസ്ത്യാനിയെ എങ്ങനെ തിരിച്ചറിയാം?

ഫ്രാൻസിസ് ഡേവിഡ്

ഒരിക്കൽ തർസോസുകാരനായ ശൗൽ ക്രസ്ത്യാനികളെ തിരക്കി പുറപ്പെട്ടു. ഈ മാർഗ്ഗക്കാർ എന്നാണ് അവൻ അവരെ വിളിച്ചത്. അവൻ എങ്ങനെ അവരെ തിരിച്ചറിഞ്ഞു? യെഹൂദന്മാരെ തിരിച്ചറിയേണ്ടതിന് രണ്ടാം ലോകമഹായുദ്ധ കാലത്ത് നാസി ഭരണകൂടം, ഡേവിഡിന്റെ ഒരു മഞ്ഞ നിറത്തിലുള്ള നക്ഷത്രചിഹ്നം അവരുടെ വസ്ത്രങ്ങളിൽ ധരിക്കണമെന്ന് കൽപിച്ചിരുന്നു. വീഥികളിലോ ചന്ത സ്ഥലങ്ങളിലോ ഉള്ള ക്രിസ്ത്യാനികളെ തിരിച്ചറിയുവാൻ ഒന്നാം നൂറ്റാണ്ടിൽ അവർ മറ്റുള്ളവരിൽ നിന്നു വേർപെട്ടവരാണെന്ന് കാണിക്കുവാൻ വസ്ത്രധാരണത്തിലോ തലമുടി അലങ്കരിക്കുന്നതിലോ മാറ്റം വരുത്തിയതായി ബൈബിളിൽ നാം വായിക്കുന്നില്ല. അപ്പോൾ പിന്നെ ശൗൽ ക്രിസ്ത്യാനികളെ എങ്ങനെ കണ്ടുപിടിച്ചു എന്നതാണ് നമ്മുടെ ചോദ്യം. ഞാൻ ദമസ്കോസിൽ അന്നുണ്ടായിരുന്നെങ്കിൽ ശൗൽ എന്നെ പിടിച്ച് തടവിലാക്കുവാൻ കൊണ്ടുപോകുപമായിരുന്നോ? എന്നെ പോലെയുള്ള സാധാരണ ക്രിസ്ത്യാനി വഴിയിൽ കൂടെ നടന്നു പോകുമ്പോൾ ‘‘ഈ മാർഗ്ഗക്കാരൻ എന്ന് അവന് എങ്ങനെ തിരിച്ചറിയുവാൻ കഴിയും’’?

മൂന്ന് വ്യത്യസ്തങ്ങളായ സ്വഭാവ ഗുണങ്ങളാൽ ക്രിസ്ത്യാനികളെ  തിരിച്ചറഇയുവാൻ കഴിയുമെന്ന് ബൈബിൾ നമ്മെ ബോധ്യപ്പെടുത്തുന്നുണ്ട്.

**സ്നേഹം**

നമുക്ക് ദൈവത്തോടും സഹമനുഷ്യരോടും ഉള്ള സ്നേഹം നിമിത്തം നമ്മെ തിരിച്ചറിയണം. സ്നേഹം തിരിച്ചറിയാവുന്ന ഒരടയാളമാണ്. യേശു പറഞ്ഞു: നിങ്ങൾക്കു തമ്മിൽ തമ്മിൽ സ്നേഹം ഉണ്ടെങ്കിൽ നിങ്ങൾ എന്റെ ശിഷ്യന്മാർ എന്ന് എല്ലാവരും അറിയും. (യോഹന്നാൻ 15:35). ഏറ്റവും വലിയ കൽപന എന്തെന്ന് ചോദ്യത്തിന് കർത്താവ് പറഞ്ഞത്: നിന്റെ ദൈവമായ കർത്താവിനെ പൂർണ്ണ മനസ്സോടും ആത്മാ

വോടും ശക്തിയോടും സ്നേഹിക്കണം എന്നതാകുന്നു. അവന്റെ ആളുകൾ സ്നേഹമുള്ളവരായി കാണണമെന്നാണ് അവൻ ആഗ്രഹിക്കുന്നത്. വീട്ടിലുള്ളവർ ഒരേപോലെ തോന്നിക്കുന്ന സാദൃശ്യങ്ങൾ നാം പറയാറുണ്ട്. കണ്ണ്, മൂക്ക്, ചെവി, മുഖം, നടപ്പ് എന്നിവ ഇന്നാരെപ്പോലെയാണ് എന്ന് നാം പറയാറുണ്ട്. സ്നേഹത്തെക്കാൾ വലിയ സാദൃശ്യം ക്രിസ്ത്യാനികളിൽ ഇല്ലെന്ന് തന്നെ പറയാം. കാരണം ദൈവം സ്നേഹമാണ് നാം അന്യോന്യം സ്നേഹിക്കുമ്പോൾ നമ്മുടെ പിതാവായ ദൈവത്തെപ്പോലെ നാം കാണപ്പെടും.

സ്നേഹം പാപത്തെ അറിയാതെ വിട്ടുകളയുന്നില്ല. പക്ഷേ സൗമ്യതയോടെ, മനസ്സലിവോടെ അതിനെ തിരുത്തുന്നു. സ്നേഹം പാപത്തിന്റെ ബഹുത്വത്തെ മറയ്ക്കുന്നു എന്ന് പത്രോസ് പറഞ്ഞിട്ടുണ്ട് (1 പത്രോസ് 4:8). പാപത്തെ വെറുക്കുന്നതിനെ കുറിച്ച് പുതിയ നിയമത്തിൽ രണ്ടു പ്രാവശ്യം ഉപയോഗിച്ചിട്ടുണ്ട്. സ്നേഹത്തിന്റ ശക്തിയെക്കുറിച്ചാണ്. പത്രോസ് പ്രസ്താവിച്ചിരിക്കുന്നത്. യാക്കോബ് അത് പഠിപ്പിക്കുന്നതിനെക്കുറിച്ചും പറയുന്നു (യാക്കോബ് 5:19–20). പാപികളെ നേർവഴിക്ക് ആക്കുവാൻ സ്നേഹം സഹായിക്കുന്നു. പാപിയെ മാറ്റുവാൻ നമ്മിൽ ആഗ്രഹം ജനിപ്പിക്കുന്നത് സ്നേഹമാണ്. അങ്ങനെയുള്ള നാം തിരിച്ചറിയാവുന്നവരല്ലേ?

## ഔചിത്യം

നമ്മുടെ ഔചിത്യം അഥവാ മാന്യതയാൽ നാം തിരിച്ചറിയണം. നിങ്ങളുടെ സൗമ്യത സകല മനുഷ്യരും അറിയട്ടെ, കർത്താവ് വരുവാൻ അടുത്തിരിക്കുന്നു (ഫിലിപ്പിയർ 4:5) ഗ്രീക്കിൽ ഉപയോഗിച്ചിരിക്കുന്ന വാക്കിന്റെ ശരിയായ അർത്ഥം യുക്തി സഹജം അല്ലെങ്കിൽ ഉചിതമായ എന്നാണ്. ക്രിസ്ത്യാനികളുടെ ജീവിതം മാന്യമായ ഒന്നായിരിക്കണം.

വലിയ വ്യത്യാസങ്ങൾ പൗലോസ് വ്യക്തമാക്കുന്നതനുസരിച്ച് നാം എല്ലാവർക്കും തിരിച്ചറിയണം. മറ്റുള്ളവരെക്കുറിച്ച് കരുതലോടെ മാന്യമായി വേണം പരിഗണിക്കുവാൻ. പൗലോസ് ഉപയോഗിച്ചിരിക്കുന്ന വാക്ക് ‘‘നിങ്ങളുടെ’’ എന്നതു വ്യക്തികളായ എല്ലാവരോടും പറയുന്നതാണ്. ക്രിസ്തീയ ജീവിതത്തിൽ ഓരോരുത്തരും ഫലം പുറപ്പെടുവിക്കണം എന്നാണ് പൗലോസ് പ്രബോധിപ്പിക്കുന്നത്.

ഫിലിപ്പിയർക്ക് പൗലോസ് ലേഖനമെഴുതുമ്പോൾ പറയുന്നത്: കർത്താവിൽ ഏക ചിന്തയോടിരിപ്പാൻ ഞാൻ യുവൊദ്യയെയും സുന്തുകയെയും പ്രബോധിപ്പിക്കുന്നു. സാക്ഷാൽ ഇണയാളിയായുള്ളോവേ അവർക്ക് തുണ നൽകേണം എന്നു ഞാൻ നിന്നോട് അപേക്ഷിക്കുന്നു. ജീവപുസ്തകത്തിൽ പേരുള്ള ക്ലേമന്ത് മുതലായ എന്റെ കൂട്ടുവേലക്കാരുമായി ആ സ്ത്രീകൾ എന്നോട് കൂടെ സുവിശേഷഘോഷണത്തിൽ പോരാടിയിരുന്നു (ഫിലിപ്പിയർ 4:2-3). തർക്കമോ വാദമോ ഉണ്ടായാലും ക്രിസ്ത്യാനികൾ തങ്ങളുടെ ഔചിത്യം സൂക്ഷിക്കേണ്ടവരാണ്. ക്രിസ്ത്യാനികൾ ഒരിക്കലും കഠിന ഹൃദയരായി പെരുമാററരുത്. നമ്മുടെ സ്വഭാവം എപ്പോഴും കൃപയോടു കൂടിയതാകണം. നമ്മുടെ ജീവിതം വളരെ കുറച്ച് കാലമേയുള്ളൂ. ആ കാലത്തിൽ നാം നല്ലത് എന്നു പറയിക്കുന്നതല്ലേ യുക്തിസഹജം?

## തിരഞ്ഞെടുക്കൽ

തിരഞ്ഞെടുക്കാൻ ഉള്ള എന്റെ കഴിവിൽ ഞാൻ ഉപയോഗിക്കുന്ന സ്വഭാവം. തന്റെ വായനക്കാരെ ഉപദ്രവം എങ്ങനെ നേരിടണമെന്നും ലോകത്തോട് അനുരൂപപ്പെടുന്നതിനുള്ള സമ്മർദ്ദം എത്ര മാത്രമുണ്ടെന്നും പത്രോസ് വിവരിക്കുന്നുണ്ട്. നാം മറ്റുള്ളവരുടെ ദുഷ്പ്രവൃത്തികൾക്ക് കൂട്ടു നിൽക്കാത്തതുകൊണ്ട് അവർ നമ്മെ ദുഷിക്കുന്നു. ദുർന്നടപ്പിന്റെ അതേ കവിച്ചലിൽ നിങ്ങൾ അവരോട് ചേർന്ന് നടക്കാതിരിക്കുന്നത് അപൂർവ്വം എന്നുവെച്ച് അവർ ദുഷിക്കുന്നു (1 പത്രോസ് 4:4).

തന്റെ മലമപ്രസംഗത്തിൽ യേശു പറഞ്ഞു, അങ്ങനെ തന്നെ മനുഷ്യർ നിങ്ങളുടെ നല്ല പ്രവൃത്തികളെ കണ്ടു, സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിനെ മഹത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം അവരുടെ മുൻപിൽ പ്രകാശിക്കട്ടെ (മത്തായി 5:16). രണ്ടു വിധത്തിലാണ് ആളുകൾ പ്രതികരിക്കുന്നത്. ഒന്നുകിൽ അവർ അതിശയിക്കും, അല്ലെങ്കിൽ മലീനസമാകും. ഇതാണ് സംഭവിക്കുന്നത്.

നമ്മുടെ നിലനിൽപിനാലും നമ്മുടെ തിരഞ്ഞെടുപ്പിനാലും നാം എപ്പോഴാണ് ആരെയെങ്കിലും അതിശയപ്പെടുത്തിയത്? മോഹങ്ങളും ആകർഷണ വലയങ്ങളും പ്രലോഭനങ്ങളും ധാരാളം നമുക്കു ചുറ്റും ഉണ്ട്. ലോകം വിലമതിക്കുന്ന പലതുണ്ട്. എന്നാൽ ദൈവം വിലമതിക്കുന്നതു ദൈവികമായതാണ്. നാം തിരഞ്ഞെടുക്കുന്നത് പ്രാധാന്യമുള്ള കാര്യ

മാണ്. യേശുവിനെ പ്രസംഗിച്ചതിന് പത്രോസിനെയും യോഹന്നാനെയും കുറ്റപ്പെടുത്തി. യേശുവിന്റെ നാമത്തിൽ മാത്രമേ രക്ഷയുള്ളൂ എന്ന് പ്രസംഗിച്ച അവരെ അവർ യേശുവിനോടു കൂടെയുള്ളവർ എന്ന് തിരിച്ചറിഞ്ഞു (പ്രവൃത്തി 4:15).

✶

# പാപിയുടെ പ്രാർത്ഥന

**ടോമി. എസ്**

**(കഴിഞ്ഞ ലക്കത്തിന്റെ തുടർച്ച)**

ഈ രണ്ടു സന്ദർഭങ്ങളിലും പ്രസംഗം കേട്ടപ്പോൾ അവർക്കു തങ്ങളുടെ പാപങ്ങളെ കുറിച്ച് ബോധ്യമുണ്ടായി. അവരുടെ നഷ്ടം അവർക്കു മനസ്സിലായി. അതുകൊണ്ടാണ് അവർ പ്രതിവിധിക്കായി ആഗ്രഹം പ്രകടിപ്പിച്ചത്. മാനസാന്തരപ്പെടുകയും സ്നാനമേൽക്കുകയും ചെയ്യുവാൻ അവരോട് പറഞ്ഞു. കാരണം അവർ ശരിയായി ചിന്തിച്ചു വിശ്വസിച്ചവരായിരുന്നു.

ഇന്നു പാപം ചെയ്യാത്തവരായി ആരുമില്ല. ദൈവവചനത്തിലെ അവർക്കറിഞ്ഞുകൂടാത്ത രഹസ്യം ബോധ്യപ്പെട്ടാലും അവരുടെ പ്രതികരണവും ചോദ്യവും മറ്റു രീതിയിലാവും. വിശ്വസിച്ചിരിക്കുന്നത് പോരേ, പ്രവർത്തിച്ചാൽ പോരേ, കർത്താവ് മരിച്ചപ്പോൾ എല്ലാവരുടെ പാപവും നീങ്ങിയില്ലേ എന്നു തുടങ്ങിയ നിരവധി ചോദ്യങ്ങളാണ് ഉയർന്നു വരുന്നത്. എങ്ങനെ രക്ഷിക്കപ്പെടാമെന്ന ചോദ്യം സമൂഹത്തിൽ അപ്രസക്തമായി വരുന്നു. ദുരുപദേശങ്ങളുടെ ആധിക്യമാണ് കാരണം. ആളുകൾ ദൈവവചനത്തിൽ പൂർണ്ണമായി ആശ്രയിക്കുകയാണ് വേണ്ടത്. അതിന് പകരമായി മറ്റൊന്നുമില്ല എന്ന അറിവ് ജനിക്കണം. ശരിയായ ഉദ്ദേശ്യം കിട്ടണമെങ്കിൽ ആത്മാർത്ഥമായ അന്വേഷണം ആവശ്യമാണ് (പ്രവൃത്തി 17:11). മനുഷ്യരുടെ ആചാരങ്ങൾ ദൈവത്താലുള്ള നീതികരണത്തിന് അപര്യാപ്തമാണ്.

**റോമർ 10:9–10**

യേശു എല്ലാവരുടേയും രക്ഷകനാണ്. എന്നാൽ ആത്മാർത്ഥമായ വിശ്വാസം അത് അടക്കി വെക്കുന്നതിനുള്ളതല്ല. വേദഭാഗത്തിലെ ഏതെങ്കിലും ഒരു വാക്യത്തിൽ നിന്നു അടർത്തി മാറ്റി ആളുകളുടെ സങ്കൽപത്തിനനുസരിച്ച് വളച്ചൊടിക്കുന്ന രീതി അജ്ഞരെ വഴി തെറ്റിക്കുവാനേ ഉപകരിക്കുകയുള്ളൂ. ഈ വാക്യത്തെ മാത്രം എടുത്താൽ യേശുവിനെ വിശ്വസിച്ചു ഏറ്റു പറഞ്ഞാൽ രക്ഷ പ്രാപിക്കും എന്നാണ്. മാനസാന്തരത്തെയും സ്നാനത്തെയും രക്ഷയിൽ നിന്ന് മാറ്റി നിർത്താനാവുകയില്ല. ഏറ്റു പറച്ചിലിന്റെ പ്രാധാന്യത്തെയും എടുത്തു മാറ്റാവുന്നതല്ല.

**വെളിപ്പാട് 3:20**

നമ്മുടെ ഹൃദയ വാതിലിൽ മുട്ടി നിൽക്കുകയാണ് യേശു. നാം എപ്പോൾ തുറക്കുന്നുവോ അപ്പോൾ അവൻ അകത്ത് പ്രവേശിക്കും. ഈ വാക്യം ഉഷ്ണവാനോ ശീതവാനോ അല്ലാത്തവനെക്കുറിച്ചാണ് പറയുന്നത്. പരിവർത്തനനം ചെയ്യപ്പെട്ടവർ നിഷ്ക്രിയരായി കാണപ്പെടുമ്പോൾ അവരുടെ ഹൃദയ വാതിൽ അടഞ്ഞു കിടക്കുകയാണ്. അവരുടെ ഹൃദയത്തിൽ കർത്താവിനു സ്ഥാനം കൊടുക്കണം. ലൗകിക നിക്ഷേപങ്ങളിൽ ഹൃദയം അർപ്പിച്ചിരിക്കുന്നവരും അവരുടെ ഹൃദയം യേശുവിന് നേരെ അടച്ചിരിക്കുകയാണ്. അവരും ഹൃദയം തുറന്നു കൊടുക്കണം.

**ലൂക്കോസ് 23:43**

ഒരാളുടെ രക്ഷയ്ക്കു വേണ്ടി പ്രാർത്ഥിച്ചാൽ മതി എന്ന നിഗമനക്കാർ പലപ്പോഴും എടുത്തുകാണിക്കുന്ന ഉദ്ദാഹരണം ക്രൂശിലെ കള്ളന്റേതാണ്. കള്ളൻ സ്നാനപ്പെട്ടില്ലല്ലോ; കർത്താവിനോട് അപേക്ഷിച്ചതല്ലേയുള്ളൂ എന്നതാണ് അവരുടെ ന്യായീകരണം. പുതിയ നിയമം പ്രബല്യത്തിൽ വരുന്നതിന് മുൻപു നടന്ന പല സംഭവങ്ങളിൽ ഒന്നാണ് കള്ളന്റെ പ്രാർത്ഥന. അതിനുശേഷം കർത്താവ് മരിച്ചു അടക്കപ്പെട്ടു ഉയിർത്തെഴുന്നേറ്റു സ്വർഗ്ഗാരോഹണം ചെയ്തു. സുവിശേഷ പ്രസംഗം അതിനുശേഷമാണ് നടക്കുന്നത്. ആ നിലക്ക് മുൻകാല പ്രാബല്യത്തോടെ പുതിയ നിയമ കൽപനകൾ മാനിക്കാതെ രക്ഷ കിട്ടുമെന്നത് വെറും വ്യാമോഹം മാത്രമാണ്.

**ലൂക്കോസ് 18:10–14**

പരീശന്മാരിൽ ഒരാളും ചുങ്കക്കാരിൽ ഒരാളും ദൈവത്തോട് പ്രാർത്ഥിക്കുന്നുണ്ട്. അവർ യഹൂദന്മാരായിരുന്നു. പഴയ നിയമം അഥവാ ന്യായപ്രമാണമായിരുന്നു അവരെ ബാധിച്ചിരുന്നത്. പരീശന്റെ പ്രാർത്ഥന ദൈവം സ്വീകരിച്ചില്ല. ചുങ്കക്കാരൻ ഹൃദയം നുറുങ്ങി ദൈവത്തോട് അപേക്ഷിച്ചതിനാൽ അത് കൈക്കൊണ്ടു. അത് രക്ഷയുമായി ബന്ധപ്പെട്ടുള്ള ഒന്നായിരുന്നില്ല. ആ സന്ദർഭം രക്ഷയെക്കുറിച്ച് പരാമർശിക്കുന്നേയില്ല. ഏതു നിയമത്തിൻ കീഴിലാണ് ഒരാൾ ജീവിക്കുന്നത് എന്ന് നോക്കിയാണ് അയാൾ അനുസരിക്കേണ്ടത്. ഇന്ത്യൻ പൗരത്വമുള്ള ഒരാൾ ഇന്ത്യയുടെ നിയമമാണ് അനുസരിക്കേണ്ടത്. ആ തത്വം നാം ആത്മീയമായും സ്വീകരിക്കണം.

**പ്രവൃത്തി 2:21**

യോവേൽ 2:28-32 ലെ പ്രവചനം ഉദ്ധരിച്ചു കൊണ്ട് പത്രോസ് പറഞ്ഞത്: ''കർത്താവിന്റെ നാമം വിളിച്ചപേക്ഷിക്കുന്നവൻ ഏവനും രക്ഷിക്കപ്പെടും'' എന്നത്രേ. ഇതും ആ സന്ദർഭത്തിൽ അവിടെ നിർത്തുകയല്ല ചെയ്യുന്നത്. സന്ദർഭം മുഴുവൻ വായിച്ചാൽ തുടർന്ന് ആളുകൾ എന്തു ചെയ്യണമെന്ന് ഉപദേശിക്കുന്നുണ്ട് (പ്രവൃത്തി 2:38). പാപി പ്രാർത്ഥിച്ചാൽ രക്ഷ കിട്ടും എന്നത് ദൈവത്തിന്റെ വചനത്തിൽ ഇല്ലാത്ത ഒന്നാണ്. അതു പറഞ്ഞുകൊണ്ടു പാപി പ്രാർത്ഥിക്കരുത് എന്നല്ല അർത്ഥമാക്കുന്നത്. പ്രാർത്ഥിച്ചാൽ രക്ഷിക്കപ്പെടുവാനുള്ള അവസരം ദൈവം ഒരുക്കും.

★

# പൂർണ്ണത ക്രിസ്തുവിൽ

**ഫ്രെഡ് ഡെല്ലൻ**

ക്രിസ്തുവിൽ ആയി തീരുന്നതിന് വളരെ പ്രാധാന്യമുണ്ട്. സർവ്വസമ്പൂർണ്ണതയും അവനിൽ വസിക്കുന്നു എന്നതാണ് കാരണം. ''എല്ലാവാഴ്ചയ്ക്കും അധികാരത്തിനും തലയായ അവനിൽ നിങ്ങൾ പരിപൂർണ്ണരായിരിക്കുന്നു'' (കൊലോസ്യർ 2:10). ഒന്നിനും കുറവില്ലാതെ ആകണമെങ്കിൽ നാം ക്രിസ്തുവിലായിത്തീരണം. അവൻ സർവ്വത്തിനും മീതെ തലയായിട്ടുണ്ട്. എപ്പോഴാണ് ഒരാൾ തികച്ചും പൂർണ്ണമായ ജീവിതം

നയിക്കുന്നത്? സ്വാഭാവികമായി ഉണ്ടാകുന്ന ചോദ്യമാണിത്.

ദീർഘകാലം ജീവിച്ചിരിക്കുന്നതാണ് അതെങ്കിൽ മെഥൂശലേം അതിന് യോഗ്യതയുള്ള വ്യക്തിയായിരിക്കും. തിരുവെഴുത്ത് പറയുന്നത് അവൻ **969** വർഷം ജീവിച്ചിരുന്നു എന്നാണ്. അവന്റെ പിതൃത്വത്തെ കുറിച്ചും അവന്റെ മകനെക്കുറിച്ചും രേഖപ്പെടുത്തിയിട്ടുണ്ടെന്നല്ലാതെ അധികമൊന്നും വിവരിച്ചിട്ടില്ല. പിന്നീട് അവന്റെ മരണത്തെക്കുറിച്ചും പറയുന്നുണ്ട്.

നമ്മുടെ രക്ഷകനായി ഈ ഗ്രഹത്തിൽ യേശു ഏതാണ്ട് 33 വർഷം ജീവിച്ചിരുന്നു. വളരെ ചുരുങ്ങിയ കാലയളവ് മാത്രം മനുഷ്യനായി ജീവിച്ചിരുന്നു. പുതിയ നിയമത്തിലെ വിവരമനുസരിച്ച് യോഹന്നാൻ പറയുന്നു. ഈ ചുരുങ്ങിയ വർഷങ്ങൾ കൊണ്ട് അവൻ ചെയ്തതിനെക്കുറിച്ചാണ് പറയുന്നത്. യേശു ചെയ്തത് മറ്റു പലതും ഉണ്ട്. അത് ഓരോന്നായി എഴുതിയാൽ എഴുതിയ പുസ്തകങ്ങൾ ലോകത്തിൽ തന്നെയും ഒതുങ്ങുകയില്ല എന്ന് ഞാൻ നിരൂപിക്കുന്നു (യോഹന്നാൻ 21:25).

തികവുള്ള ജീവിതം എന്നു പറയുന്നത് നാം എത്ര കാലം ഇവിടെ ജീവിക്കുന്നു എന്നതിനെ ആസ്പദമാക്കിയല്ല, മറിച്ച് നമുക്ക് സകലത്തിന്റെയും സൃഷ്ടികർത്താവായ യേശുക്രിസ്തുവിലുള്ള ബന്ധം അനുസരിച്ചാണ് ഇരിക്കുന്നത് (യോഹന്നാൻ 1:3). അവനിൽ നിന്നാണ് നാം പൂർണ്ണത കൈവരിക്കുന്നത്. നമ്മുടെ യോഗ്യത അതിന് മാനദണ്ഡമല്ല എന്നതാണ് പരമാർത്ഥം.

നാം ഈ ലോകജീവിതത്തിൽ ചെയ്യുന്നത് പരിഗണിച്ചാൽ അത് സാമ്പത്തികമോ, സാമൂഹികമോ, രാഷ്ട്രീയമോ, മതപരമോ എന്തു തന്നെ ആകട്ടെ, ദൈവേഷ്ടത്തിന് നമ്മെത്തന്നെ കീഴ്പ്പെടുത്തുന്നതുമായി താരതമ്യം ചെയ്യുമ്പോൾ മുൻ പറഞ്ഞതെല്ലാം വാടി പോകുന്നതായി കാണാം (റോമർ 12:1-2).

എനിക്ക് ധാരാളം അവസരങ്ങൾ കിട്ടിയിട്ടുണ്ട്. ചിലർ അതിനെ അഭിമാനകരമായ നേട്ടങ്ങളായി വിലയിരുത്തുന്നു. എന്റെ ജീവിതത്തിൽ ഞാൻ ഒരു പടയാളിയായി, വാരർത്താ ലേഖകനായി, പ്രസാധകനായി, സുവിശേഷപ്രസംഗകനായി രാഷ്ട്രത്തലവനോടും പല ജന പ്രതിനിധികളോടും ഗവർണ്ണർമാരോടും ഞാൻ സംസാരിച്ചിട്ടുണ്ട്. അവരിൽ

ആരും തന്നെ ബൈബിൾ പറയുന്നതനുസരിച്ച് ക്രിസ്ത്യാനികളായി ത്തീർന്നിട്ടില്ലായിരുന്നു. അവരുടെ ഭൗമികമായ നേട്ടങ്ങളാൽ അവർ ജന മദ്ധ്യേ വളരെ ക്കാലം ഓർമ്മിക്കപ്പെട്ടേക്കാം. എന്നാൽ അവരുടെ ജീവിതം പൂർണ്ണമായിട്ടുണ്ടോ? അക്കാര്യത്തിൽ കർത്താവ് തന്നെ ഒരൊറ്റ പരമാ ധികാരി.

യേശു തന്റെ ഈ യുഗ ജീവിതത്തിൽ ''ജ്ഞാനത്തിലും വളർച്ച യിലും ദൈവത്തിന്റെയും മനുഷ്യരുടെയും കൃപയിലും മുതിർന്നു വന്നു'' (ലൂക്കോസ് 2:52). തന്റെ ജനം വളർന്നു കാണുവാൻ ദൈവം ആഗ്രഹി ക്കുന്നു. ''ക്രിസ്തു എന്ന തലയോളം നാം സകലത്തിലും വളരണം'' (എഫെസ്യർ 4:15). അല്ലെങ്കിൽ ദൈവ സന്നിധിയിൽ നമ്മുടെ ജീവിതം പൂർണ്ണമാകുകയില്ല.

ക്രിസ്തുവിന്റെ ശരീരമാകുന്ന സഭയോട് നാം ചേർക്കപ്പെട്ട ശേഷം ദൈവേഷ്ടം പുതിയ നിയമത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത് മനസ്സി ലാക്കി സൽഗുണ പൂർത്തി പ്രാപിക്കണം. ക്രിസ്തുവിലായി തീരുന്നതു അവനിലും അവന്റെ ഉപദേശത്തിലും വിശ്വസിച്ചു കൊണ്ടാകണം. പാപ ങ്ങളിൽ നിന്നും മാനസാന്തരപ്പെടുകയും വേണം. യേശുവിനെ കർത്താവും ദൈവപുത്രനുമായി ഏറ്റു പറഞ്ഞു പാപമോചനത്തിനായി സ്നാനം ഏൽക്കുകയും ചെയ്യണം. അപ്പോൾ കർത്താവ് ആ വ്യക്തിയെ തന്റെ സഭയോട് ചേർക്കും. ദൈവത്തോട് പാപികളായ മനുഷ്യർക്ക് അടു ക്കുവാൻ ഏക മദ്ധ്യസ്ഥനും ഏക രക്ഷിതാവുമാണുള്ളത്. വിശ്വാസത്തോട് ക്രിസ്തീയ കൃപകൾ നാം കൂട്ടിച്ചേർക്കേണ്ടതുണ്ട് ( 2 പത്രോസ് 1: 5-11).

അതിൽ ദൈവത്തിന്റെ സർവ്വായുധവർഗ്ഗം ധരിക്കലും ഉൾപ്പെ ടുന്നു. ആത്മാവിൽ നടന്നു നാം തുടർച്ചയായി വളരണം (ഗലാത്യർ 5:16). ആത്മാവിന്റെ ഫലങ്ങൾ ഓരോരുത്തരും പുറപ്പെടുവിച്ചു കൊണ്ടി രിക്കണം (ഗലാത്യർ 5: 22-23) ജഡത്തിന്റെ ഇച്ഛകളെ നാം വിട്ടുകള ഞ്ഞാലേ അത് സാധിക്കുകയുള്ളൂ. മരണപര്യന്തം ദൈവത്തോട് വിശ്വ സ്തത പുലർത്തി ജീവിക്കണം (വെളിപ്പാട് 2:10). ദൈവത്തിന് ദാസ്യ വേല ചെയ്യുന്നവരായിരിക്കണം. താഴ്മയോടെ ദൈവത്തിന് കീഴ്പ്പെട്ടി രുന്നാൽ നാം നിഷ്കളങ്കരായി തീരും. പിശാചിനോട് പോരാടാൻ ദൈവ ത്തിന് കീഴ്പ്പെട്ടിരിപ്പിൻ (യാക്കോബ് 4: 7-8). നാം കർത്താവിന്റെ മുൻപിൽ ആഴ്ന്നിരുന്നാൽ അവൻ നമ്മെ ഉയർത്തും.

നിങ്ങൾ പൂർണ്ണതയുള്ള ജീവിതം നയിക്കാനാഗ്രഹിക്കുന്നുവോ? ക്രിസ്തുവിന്റെ സുവിശേഷം കേൾക്കൂ (യോഹന്നാൻ 6:45 ; റോമർ 1:16). സുവിശേഷം അനുസരിക്കുക (2 തെസലോനിക്യർ 1:7-9). ആത്മാവിൽ നടക്കുക (ഗലാത്യർ 5:25). ക്രിസ്തുവിൽ സകല ആത്മികാനുഗ്രഹങ്ങളും ഉണ്ട് (എഫെസ്യർ 1:3). അവനിൽ ശിക്ഷാവിധിയില്ല, അവനിൽ നിത്യ ജീവൻ ഉണ്ട്, വീണ്ടെടുപ്പും പാപമോചനവും അവനിലുണ്ട്.

മാനുഷികമായ കാഴ്ചപ്പാട് ഈ വിഷയത്തിൽ നോക്കരുത് കാരണം മനുഷ്യൻ പുറമെയുള്ളത് കാണുന്നു. ദൈവമോ നമ്മുടെ ഹൃദ യങ്ങളെയാണ് നോക്കുന്നത്. ഒരിക്കൽ ഒരു യുവാവ് യേശുവിന്റെ അടു ക്കൽ വന്ന് നിത്യജീവൻ പ്രാപിക്കാൻ എന്തു ചെയ്യണം എന്ന് ചോദിച്ചു. അതിന് കർത്താവ്: ന്യായപ്രമാണത്തിൽ പറഞ്ഞിരിക്കുന്നത് പോലെ ചെയ്യുക എന്ന് പറഞ്ഞു. അന്ന് ന്യായപ്രമാണം നിലവിലുണ്ടായിരുന്ന സമയമായിരുന്നു. ഏവ എന്നു അവൻ കർത്താവിനോട് ചോദിച്ചു. കുല ചെയ്യരുത്, വ്യഭിചാരം ചെയ്യരുത്, മോഷ്ടിക്കരുത്, കള്ളസാക്ഷ്യം പറയ രുത്, അപ്പനെയും അമ്മയെയും ബഹുമാനിക്കുക, കൂട്ടുകാരനെ നിന്നെ പ്പോല തന്നെ സ്നേഹിക്കുക എന്നിവ തന്നെ എന്നു പറഞ്ഞു. സൗവന ക്കാരൻ: ഇവയൊക്കെയും ഞാൻ പ്രമാണിച്ചു വരുന്നു. ഇനി കുറവുള്ളത് എന്ത് ചോദിച്ചു. യേശു അവനോട്: സൽഗുണപൂർണ്ണനാകുവാൻ ഇച്ഛി ക്കുന്നു എങ്കിൽ....... (മത്തായി 19:16-22).

നമ്മുടെ ജീവിതത്തിലെ ലക്ഷ്യം നമ്മുടെ യജമാനന്റെ ഇഷ്ടം നിറവേറ്റുക എന്നതായിരിക്കണം. മറ്റൊന്നും നമ്മെ തികവുള്ളവരാക്കു ന്നില്ല. നിങ്ങൾ പരിപൂർണ്ണരായി തീരാൻ കർത്താവ് കൽപിച്ചത് ചെയ്യും എന്ന് ഞാൻ കരുതുന്നു.

✶

# ഞാൻ പാപം ചെയ്യാതിരിക്കേണ്ടതിന്

**ക്ലെം തർമാൻ**

ക്രിസ്ത്യാനികൾ ഓരോരുത്തരും വളരെയധികം പരീക്ഷണങ്ങൾ നേരി ടുന്നുണ്ട്. അപ്പോൾ ചോദിച്ചു പോകാറുള്ള ചോദ്യം: "എങ്ങനെ എനിക്ക് ഈ പരീക്ഷണത്തെ അതിജീവിച്ച് ദൈവത്തിനായി ജീവിക്കാൻ

സാധിക്കും എന്നാണ്''. ഓരോ ദൈവ പൈതലിനും ഇത് പരമപ്രധാന മായ ചോദ്യമാണ്. പാപം കൂടാതെ നാം ജീവിക്കണമെന്നാണ് ദൈവ ത്തിന്റ ആഗ്രഹം. ദൈവം നമ്മെ ദോഷങ്ങളാൽ പരീക്ഷിക്ഷിക്കുകയില്ല. അത് സാത്താന്റെ പ്രവൃത്തിയാണ്. നാം വിരുദ്ധനായി നില നിൽക്കണം എന്നതാണ്. ''ഞാൻ ദൈവത്താൽ പരീക്ഷിക്കപ്പെടുന്നു എന്ന് ആരും പറയരുത്. ദൈവം ദോഷങ്ങളാൽ പരീക്ഷിക്കപ്പെടാത്തവർ ആകുന്നു. താൻ ആരെയും പരീക്ഷിക്കുന്നുമില്ല''. ഓരോരുത്തൻ പരീക്ഷിക്കപ്പെടു ന്നതു സ്വന്ത മോഹത്താൽ ആകർഷിച്ച് വശീകരിക്കപ്പെടുകയാൽ ആകുന്നു (യാക്കോബ് 1:13-14). പരീക്ഷ നേരിടുമ്പോൾ ദൈവം പരീ ക്ഷയോടു കൂടെ പോക്കു വഴിയും ഒരുക്കും (1 കൊരിന്ത്യർ 10:13). രക്ഷ പ്പെടുവാനുള്ള ആ വഴി നാം കണ്ടെത്തണമെന്ന് ദൈവം ആഗ്രഹിക്കുന്നു.

പാപം കൂടാതെ എങ്ങനെ നിലനിൽക്കാമെന്ന് ഒറ്റ വാചകത്തിൽ തികവുള്ള ഒരു ഉത്തരം പറയുവാൻ പ്രയാസമാണ്. എന്നാൽ നമ്മുടെ ക്രിസ്തീയ ജീവിതത്തിൽ വചനവുമായുള്ള ബന്ധത്തിൽ പ്രയോജനപ്ര ദമായി പഠിക്കുകയാണെങ്കിൽ ദൈവം നമ്മെ സഹായിക്കുവാനുണ്ടാകും എന്നത് തീർച്ചയാണ്. ദൈവം നമ്മിൽ നിന്നും ആഗ്രഹിക്കുന്നതാണ് പൗലോസ് കൊലോസ്യരിലെ ക്രിസ്ത്യാനികൾക്കു വേണ്ടി പ്രാർത്ഥി ക്കുന്നത്. ''നിങ്ങളിൽ ഒരുത്തനായി ക്രിസ്തു യേശുവിന്റെ ദാസനായ എപ്പഫ്രാസ് നിങ്ങളെ വന്ദനം ചെയ്യുന്നു; നിങ്ങൾ തികഞ്ഞവരും ദൈവ ഹിതം സംബന്ധിച്ചതൊക്കെയും പൂർണ്ണ നിശ്ചയമുള്ളവരായി നിൽക്കേ ണ്ടതിന് അവൻ പ്രാർത്ഥനയിൽ നിങ്ങൾക്കു വേണ്ടി എപ്പോഴും പോരാ ടുന്നു'' (കൊലോസ്യർ 4:12). നമുക്ക് അതെങ്ങനെ ചെയ്യാൻ കഴിയും എന്ന് മനസ്സിലാക്കാൻ താഴെ കൊടുത്തിരിക്കുന്ന പോയിന്റുകൾ സഹാ യിച്ചേക്കാം:

### 1. ശരിയായ ഒരുക്കം നമുക്ക് ഉണ്ടാകണം

നമ്മിൽ മിക്കവരും നേരിടുന്ന പ്രശ്നം എന്തെന്നാൽ പരീക്ഷണം നേരി ടുമ്പോൾ ആ പ്രത്യേക പരീക്ഷണത്തെ, പ്രത്യേക സമയത്ത് നേരിടാൻ നാം ഒരുങ്ങിയിട്ടില്ല എന്നതാണ്. പരീക്ഷണം നമ്മിൽ വരുന്നതു വരെ ഒരുക്കത്തിനായി കാത്തിരിക്കാൻ പ്രയാസമാണ്. നാം ഉപ്പോൾ ഒരുങ്ങി യാൽ പരീക്ഷണം വരുമ്പോൾ ധൈര്യമായി നേരിടാം. ''ഞാൻ നിന്നോട് പാപം ചെയ്യാതിരിക്കേണ്ടതിന് നിന്റെ വചനത്തെ ഹൃദയത്തിൽ സംഗ്ര

ഹിക്കുന്നു. യഹോവേ നീ വാഴ്ത്തപ്പെട്ടവൻ. നിന്റെ ചട്ടങ്ങളെ എനിക്ക് ഉപദേശിച്ചു തരേണമേ'' (സങ്കീർത്തനങ്ങൾ 119:11–12).

പാപം ഒഴിവാക്കുവാൻ നാം അതിനെ തിരിച്ചറിയുകയും പ്രതിരോധിക്കുകയും വേണം. അതാണ് സങ്കീർത്തനത്തിൽ കാണുന്നത്. പൗലോസ് പറയുന്നത്: ഉപദേശത്തിനും ശാസനത്തിനും ഗുണീകരണത്തിനും നീതിയിലെ അഭ്യാസത്തിനും പ്രയോജനമുള്ളതാണ് തിരുവെഴുത്ത് (2 തിമൊഥെയോസ് 3:16). നാം ശരിയായി ദൈവ വചനം വായിച്ച് മനസ്സിലാക്കിയാൽ ശരിയും തെറ്റും വേർതിരിച്ചറിയുവാൻ കഴിയും.

വെറുതെ വായിക്കുന്നതിനെക്കാൾ ശരിയായ തയ്യാറെടുപ്പ് ഉണ്ടാകണം. ''ആകയാൽ എല്ലാ അഴുക്കും ദുഷ്ടതയുടെ ആധിക്യവും വിട്ട് നിങ്ങളുടെ ആത്മാക്കളെ രക്ഷിപ്പാൻ ശക്തിയുള്ളതും ഉൾനട്ടതുമായ വചനം സൗമ്യതയോടെ കൈക്കൊൾവിൻ. എങ്കിലും വചനം കേൾക്ക മാത്രം ചെയ്തതു കൊണ്ട് തങ്ങളെത്തന്നെ ചതിക്കാതെ അതിനെ ചെയ്യുന്നവരായും ഇരിപ്പിൻ ഒരുത്തൻ വചനം കേൾക്കുന്നവൻ എങ്കിലും ചെയ്യാത്തവനായിരുന്നാൽ അവൻ തന്റെ സ്വാഭാവിക മുഖം കണ്ണാടിയിൽ നോക്കുന്ന ആളോട് ഒക്കുന്നു. അവൻ തന്നെത്താൻ കണ്ട് പുറപ്പെട്ട് താൻ ഇന്ന രൂപം ആയിരുന്നു എന്ന് ഉടനെ മറന്നു പോകുന്നു. സ്വാതന്ത്ര്യത്തിന്റെ തികഞ്ഞ ന്യായപ്രമാണം ഉറ്റുനോക്കി അതിൽ നില നിൽക്കുന്നവരോ കേട്ടു മറക്കുന്നവനല്ല, പ്രവൃത്തി ചെയ്യുന്നവനായി താൻ ചെയ്യുന്നതിൽ ഭാഗ്യവാൻ ആകും'' (യാക്കോബ് 1:21–25). നമ്മൾ പലരും വസ്ത്രം ധരിക്കുന്നതു പോലെ, വാഹനം ഓടിക്കുന്നത് പോലെ ശീലം ഉള്ളവരാണ്. ആ ശീലം നമ്മുടെ ജീവിതത്തിൽ ദൈവത്തിനു വേണ്ടി ഉപയോഗിക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നു. ദൈവ വചനം ഉള്ളിൽ സംഗ്രഹിച്ച് കുറെ കാലം കൊണ്ട് നമ്മുടെ ശീലത്തെ ദൈവേഷ്ടമാക്കി മാറ്റണം.

## 2. ഉറച്ച തീരുമാനം നമുക്കാവശ്യമാണ്

പാപത്തിനതീതമായി ജീവിക്കണമെങ്കിൽ അത് ചെയ്യുവാനൊരു മനസ്സും തീരുമാനവും വേണം. പൗലോസ് എഴുതിയത്: ''എനിക്ക് ജീവിക്കുന്നത് ക്രിസ്തുവും മരിക്കുന്നത് ലാഭവും ആകുന്നു. എന്നാൽ ജഡത്തിൽ ജീവിക്കുന്നതിനാൽ എന്റെ വേലയ്ക്ക് ഫലം വരുമെങ്കിൽ ഏത് തിരഞ്ഞെടു

ക്കേണ്ടത് എന്ന് ഞാൻ അറിയുന്നില്ല. ഇവ രണ്ടിനാലും ഞാൻ ഞെരുങ്ങുന്നു; വിട്ടു പിരിഞ്ഞ് ക്രിസ്തുവിനോട് കൂടെ ഇരിപ്പാൻ എനിക്ക് കാംക്ഷയുണ്ട്. അത് അത്യുത്തമമല്ലോ'' (ഫിലിപ്പിയർ 1:21-23). ഇത്തരം ഉദ്ദേശ്യം മനസ്സിലുണ്ടായിരുന്നത് കൊണ്ട് ക്രിസ്തീയ ജീവിതം പൗലോസിന് എളുപ്പമായിരുന്നു (ഗലാത്യർ 2:20). ദൈവ സ്നേഹമാണ് അവനെ അതിന് പ്രേരിപ്പിച്ചത് (യോഹന്നാൻ 3:16). അതുകൊണ്ട് നാം പഴയ മനുഷ്യനെ ഉപേക്ഷിച്ചു. പാപത്തെ നീക്കി കളഞ്ഞു ക്രിസ്തുവിനായി ജീവിക്കുക.

### 3. ശരിയായ മനോഭാവം നാം വളർത്തണം

ലോകത്തിലെ ചപ്പും ചവറും കൊണ്ടു നാം നമ്മുടെ മനസ്സും ഹൃദയവും നിറച്ചാൽ ദൈവത്തിനും ക്രിസ്തുവിനും അവിടെ യാതൊരു സ്ഥാനവും ലഭിക്കുകയില്ല. ''സകല ജാഗ്രതയോടും കൂടെ നിന്റെ ഹൃദയത്തെ കാത്തുകൊൾക; ജീവന്റെ ഉത്ഭവം അതിൽ നിന്നല്ലോ ആകുന്നത് (സദൃശ്യവാക്യങ്ങൾ 4:23). അവൻ തന്റെ മനസ്സിൽ കണക്ക് കൂട്ടുന്നതു പോലെ ആകുന്നു; തിന്നു കുടിച്ചു കൊൾക എന്ന് അവർ നിന്നോട് പറയും; അവന്റെ ഹൃദയമോ നിനക്ക് അനുകൂലമല്ല'' (സദൃശ്യവാക്യങ്ങൾ 23:7). നാം എത്ര ശ്രമിച്ചാലും ചിലപ്പോൾ പാപം ചെയ്തു പോകും. നമ്മുടെ ഹൃദയവിചാരങ്ങൾ ദൈവികമായി സൂക്ഷിക്കുകയാണ് ഉത്തമം. ഒരു വ്യത്യാസവുമില്ല, എല്ലാവരും പാപം ചെയ്ത് ദൈവ തേജസ് ഇല്ലാത്തവരായിത്തീർന്നു (റോമർ 3:23-24). നമ്മിൽ പാപം ഇല്ല എന്നു നാം പറയുന്നുവെങ്കിൽ സത്യം നമ്മിൽ ഇല്ലാതെ പോയി; നാം നമ്മെ തന്നെ വഞ്ചിക്കുന്നു എന്നാണ് യോഹന്നാൻ എഴുതിയിരിക്കുന്നത് (1 യോഹന്നാൻ 1:8). ഈ ലോകത്തിലെ സകല അഴുക്കും സാത്താന്റെ അഴിമതിയും നമ്മിലേക്ക് വരാൻ അനുവദിക്കാതെ എപ്പോഴും ദൈവത്തോട് അടുത്തിരിക്കുകയും ഹൃദയത്തിൽ ദൈവത്തിന് സ്നാനം കൊടുക്കുകയും വേണം.

ലൗകിക താൽപര്യം പ്രതീക്ഷിച്ച് ജീവിക്കുന്നതും, ജഡിക ഇച്ഛകൾ നിവർത്തിക്കുന്നതും ദൈവേഷ്ടമല്ല. ദൈവേഷ്ടം വേദപുസ്തകത്തിൽ വെളിപ്പെടുത്തിയിരിക്കുന്നു. അതാണ് നാം വിശ്വസിച്ച് ഒരു കാര്യം അപേക്ഷിക്കുമ്പോൾ അത് ദൈവം നിവർത്തിച്ച് തരുന്നത്.

✶

# "ഇത്ര വലിയ രക്ഷയെ അഗണ്യമായി അവഗണിച്ചാൽ"

ക്ലെം തർമാൻ

(കഴിഞ്ഞ ലക്കത്തിന്റെ തുടർച്ച)

**രക്ഷാ നായകന്റെ മാഹാത്മ്യം**

"ഈ വലിയ രക്ഷ ആദ്യം കർത്താവ് മുഖാന്തരമാണ് സംഭവിച്ചത്" (എബ്രായർ 2:3). പിതാവിൽ നിന്ന് യേശുവിനു ഏൽപിച്ചു കിട്ടി. യേശു പറഞ്ഞത്: ഞാൻ സ്വയമായി സംസാരിച്ചിട്ടില്ല; എന്നെ അയച്ച പിതാവു തന്നേ ഞാൻ ഇന്നതു പറയണം എന്നും ഇന്നതു സംസാരിക്കണം എന്നും കൽപന തന്നിരിക്കുന്നു എന്നതാണ് (യോഹന്നാൻ 12:49). പൗലോസ് തിമൊഥെയോസിനെ ഉത്സാഹിപ്പിക്കുന്നത്: നമ്മുടെ രക്ഷിതാവായ ദൈവത്തെ; നമ്മുടെ രക്ഷിതാവായ ദൈവത്തിന്റെയും പ്രത്യാശയായ ക്രിസ്തുയേശുവിന്റെ അപ്പോസ്തോലനായ പൗലോസ് എന്ന് സൂചിപ്പിച്ചു കൊണ്ടാണ് (1 തിമൊഥെയോസ് 1:1-2). ഇത് നമ്മുടെ രക്ഷിതാവായ ദൈവത്തിന്റെ സന്നിധിയിൽ നല്ലതും പ്രസാദകരവുമാകുന്നു. അവൻ സകല മനുഷ്യരും രക്ഷ പ്രാപിപ്പാനും സത്യത്തിന്റെ പരിജ്ഞാനത്തിൽ എത്തുവാനും ഇച്ഛിക്കുന്നു (1 തിമൊഥെയോസ് 2:3-4). യേശുവിനല്ലാതെ ആർക്കും ഒരു പാപിയെയും രക്ഷിപ്പാൻ സാദ്ധ്യമല്ല. രക്ഷിക്കപ്പെടുവാൻ മറ്റൊരു നാമവുമില്ല (പ്രവൃത്തി 4:12). സുവിശേഷം എന്നത് രക്ഷക്കുള്ള ദൈവശക്തിയാണ് (റോമർ 1:16).

മഹത്തായ ആജ്ഞയിൽ യേശു വാഗ്ദാനം ചെയ്തിരിക്കുന്നത്: വിശ്വസിക്കുകയും സ്നാനം ഏൽക്കുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും എന്നാണ് (മർക്കോസ് 16:16). ദൈവകൃപയെ അടിസ്ഥാനപ്പെടുത്തിയാണ് ദൈവം നമ്മെ രക്ഷിക്കുന്നത്. അതു പോലെയല്ലല്ലോ വിശ്വാസം. അത് മൂലമാണ് നാം രക്ഷിക്കപ്പെടുന്നത്. ദൈവം മനുഷ്യനെ രക്ഷിക്കുന്നത് അവന്റെ ഇച്ഛ പ്രകാരമാണ് എന്നർത്ഥം.

★

# ഒരു ദുരുപദേഷ്ടാവിനെ എങ്ങനെ തിരിച്ചറിയാം?

**റിച്ചാർഡ് നോർമാൻ**

**(കഴിഞ്ഞ ലക്കത്തിന്റെ തുടർച്ച)**

ദുരുപദേശത്തിനും ദുരുപദേഷ്ടാക്കൾക്കും എതിരായി പഴയ നിയമത്തിലും പുതിയ നിയമത്തിലും ദൈവം തന്റെ ജനത്തെ മുന്നറിയിച്ചിട്ടുണ്ട്. പുതിയ നിയമത്തിൽ എല്ലാ ക്രിസ്ത്യാനികളെയും വ്യർത്ഥ വാക്കുകളാൽ ദുരുപദേശത്തിന്റെ തലതിരിഞ്ഞ സുവിശേഷത്താൽ വഞ്ചിക്കപ്പെടാതിരിക്കുവാൻ സൂക്ഷിക്കണമെന്ന് പ്രബോധിപ്പിക്കുന്നുണ്ട് (ഗലാത്യർ 1:7). മതപരമായ തെറ്റുകളെ കണ്ടു സത്യവും അസത്യവും വേർതിരിച്ച് മനസ്സിലാക്കണമെന്ന് വീണ്ടും വീണ്ടും നമ്മോട് അപേക്ഷിച്ചിട്ടുണ്ട്. അങ്ങനെ ഇല്ലെങ്കിൽ ബൈബിൾ എന്തു കൊണ്ട് അതിനെ ഊന്നിപ്പറയുന്നു? നാം കേൾക്കുന്നത് പരിശോധിക്കണമെന്ന് യോഹന്നാൻ പറഞ്ഞിരിക്കുന്നു (1 യോഹന്നാൻ 4:1-3). എന്നാൽ മതപരമായ ഒരു കാര്യം സത്യമാണോ അല്ലയോ എന്നറിയാനുള്ള പരിശോധന എങ്ങനെ നടത്തും? ആത്മാക്കളെ എങ്ങനെ വിവേചിക്കും?

ദുരുപദേഷ്ടാക്കളെ തിരിച്ചറിയുന്നതിന് കഴിയുമെന്ന് പറയുന്നത് എളുപ്പം, വേണ്ടത് ചെയ്യുന്നത് പ്രയാസം. അവർ വഞ്ചകരാണെന്ന് പറഞ്ഞിരിക്കുന്നു. അവർ വെളിച്ചദൂതന്റെ വേഷത്തിൽ വരും. അവർ നീതിയുടെ ശുശ്രൂഷകന്മാരായി അറിയപ്പെട്ടേക്കാം. (2 കൊരിന്ത്യർ 11:12-15). പുറമേ ആടുകളെപ്പോലെ ഇരിക്കും. എന്നാൽ അകമോ കടിച്ചു കീറുന്ന ചെന്നായ്ക്കളെപ്പോലെയാണ് (മത്തായി 7:15). കള്ളക്രിസ്തുക്കൾ വരുമെന്നു പോലും യേശു മുന്നറിയിച്ചിട്ടുണ്ട് (മത്തായി 24:24). കള്ള അപ്പോസ്തോലന്മാരെക്കുറിച്ച് പൗലോസ് മുന്നറിയച്ചിട്ടുണ്ട് (2 കൊരിന്ത്യർ 11:13). ദുരുപദേഷ്ടാക്കൾ നാശകരമായ ഭിന്നതകൾ കൊണ്ടുവരുമെന്ന് പത്രോസ് മുന്നറിയിച്ചിട്ടുണ്ട് (2 പത്രോസ് 2:1). പുറമെ കണ്ടാൽ തിരിച്ചറിയാൻ കഴിയുകയില്ല, ആകർഷണീയമായ വ്യക്തിത്വവും സംസാരവുമായിരിക്കും. സൗഹാർദ്ദവമായിട്ടായിരിക്കും വരുന്നത്. സ്വാധീനി

ക്കുകയും പ്രേരിപ്പിക്കുകയും ചെയ്യും.

ദുരുപദേശത്തെയും ദുരുപദേഷ്ടാക്കളെയും തിരിച്ചറിയാൻ ഒരേ ഒരു മാർഗ്ഗമേയുള്ളൂ. ബൈബിൾ പഠിപ്പിക്കുന്നത് നാം അറിഞ്ഞിരിക്കണം. ബൈബിൾ ഉപദേശത്തെ അറിയാത്തവർ വഞ്ചിക്കപ്പെടും. കേട്ടിട്ടില്ലാത്തതും വായിച്ചിട്ടില്ലാത്തതുമായ എന്തെങ്കിലും കേൾക്കുമ്പോൾ ബൈബിളുമായി ഒത്തുനോക്കണം. അതാണ് ബെരോവയിലുണ്ടായിരുന്ന ആളുകൾ ചെയ്തത്. നമ്മളും ചെയ്യേണ്ടത് അതാണ്.

സത്യം നമുക്ക് അറിയാൻ കഴിയും എന്നും അത് നമുക്ക് അറിയാമെന്നും നാം ഉറപ്പുവരുത്തണമെന്നും യോഹന്നാൻ പറയുന്നു (1 യോഹന്നാൻ 2:21). മതപരമായ തെറ്റും ശരിയും എങ്ങനെ വേർതിരിച്ചറിയാമെന്ന് യോഹന്നാൻ പറയുന്നു. അത് നാം ആരെ കേൾക്കുന്നു എന്നനുസരിച്ചായിരിക്കും. ദുരുപദേഷ്ടാക്കന്മാർ ലോകത്തിൽ നിന്നുള്ളവരാണ് എന്നും യോഹന്നാൻ പറയുന്നു. അവർ ലൗകികന്മാർ ആകുകയാൽ ലൗകികമായത് സംസാരിക്കുന്നു. ലോകം അവരുടെ വാക്കു കേൾക്കുന്നു. എന്നാൽ ഞങ്ങൾ (യോഹന്നാനും മറ്റ് അപ്പോസ്തോലന്മാരും ദൈവശ്വാസീയരായ പ്രവാചകന്മാരും) ദൈവത്തിൽ നിന്നുള്ളവരാകുന്നു. ദൈവത്തെ അറിയുന്നവർ ഞങ്ങളുടെ വാക്കു കേൾക്കുന്നു.

✶

### സ്ത്രീകൾക്കു വേണ്ടി

# "ഓ എനിക്കതിന് സമയമില്ല"

**ബെറ്റി ബർട്ടൻ ചോട്ട്**

ഞാൻ ഒരു ചെറിയ കഥ പറയട്ടെ.

അനിത എന്നവൾ ഒരിക്കലും അലസയായിരുന്നില്ല. ആർക്കും അങ്ങനെ പറയാൻ സാദ്ധ്യമല്ല. അവൾ മാഹാത്മ്യത്തിന്റെ പ്രതിരൂപമായിരുന്നു. അവൾ ധരിച്ച വസ്ത്രങ്ങൾ, ചെരിപ്പുകൾ, പേഴ്സുകൾ ഓരോന്നും അതാതിന് യോജിച്ച നിറമനുസരിച്ചിട്ടുള്ളതായിരുന്നു. അവൾ അവളുടെ വസ്ത്രങ്ങൾ ചുളുക്കമില്ലാതെ സൂക്ഷിച്ചിരുന്നു. അതേ കരുതൽ അവ

ളുടെ കുടുംബവും നില നിർത്തിയിരുന്നു. വൃത്തിയായും വെടിപ്പായും വസ്ത്രധാരണം ചെയ്ത് പ്രത്യക്ഷപ്പെടാൻ ആവശ്യമായ സമയവും വിചാരവും അവൾ കണ്ടെത്തിയിരുന്നു. അവൾ അതിന് നിക്ഷേപം നല്ലതാണെന്ന് അവൾക്ക് തോന്നിയിരുന്നു.

അവളുടെ വീട് അതെന്തുകൊണ്ട് മനോഹരമായ മന്ദിരമായി കാണപ്പെട്ടു? ഒന്നും പഴയതെന്നു തോന്നിക്കുവാൻ അവൾ അനുവദിച്ചില്ല. പൊടി ഒന്നിലും പറ്റിപ്പിടിക്കാതെ ഫർണിച്ചറുകൾ മിന്നിത്തിളങ്ങുന്ന രീതിയിൽ സൂക്ഷിക്കുമായിരുന്നു. അവൾ വളരെ ഗൗരവമായി മുറികൾ വീണ്ടും പുതുമയുള്ളതാക്കി നിലനിർത്തുവാൻ ഈ വർഷവും വരും വർഷങ്ങളിലും ശ്രദ്ധിക്കുവാൻ അവൾ തീരുമാനിച്ചു. അവളുടെ വീട്ടിലെ ഓരോ കാര്യവും വിശദമായി ശ്രദ്ധദ്ധിക്കുന്നതിൽ അവൾ സന്തോഷം കണ്ടെത്തി.

അവളുടെ മുറ്റം! കളകൾ വളരുവാൻ അവൾ അനുവദിച്ചിരുന്നില്ല. ഓരോ ദിവസവും കാലത്ത് കിടക്കയിൽ നിന്നെഴുന്നേറ്റാൽ കുറച്ചു സമയം പരിസരത്ത് ചുറ്റി നടന്നു നോക്കും. കളയുടെ നാമ്പുകൾ കണ്ടാലുടൻ അനിത അത് പിഴുതു കളയും. അവിടെ അവൾ നിറുത്തുന്നില്ല. വേനൽക്കാലത്ത് അവിടെ വലിയൊരു പൂന്തോട്ടം തന്നെ രൂപാന്തരപ്പെടും. അവൾ ചെടികൾ നട്ടു നനച്ചു വളമിട്ട് മുറിച്ചു കളയേണ്ടവ മുറിച്ചു കളഞ്ഞ് മനോഹരമാക്കുമ്പോൾ ഒരു പുണ്യപ്രവൃത്തി ചെയ്യുന്നതു പോലെയാണ് അവൾക്ക് തോന്നിയിട്ടുള്ളത്. ശൈത്യമാസങ്ങളിൽ അവളുടെ കുടുംബത്തിന് മറ്റൊന്നും ആവശ്യമില്ലാതിരുന്നു.

മാതൃത്വത്തിലും അവൾ തികച്ചും പൂർണ്ണ ശ്രദ്ധാലുവായരുന്നു. അവളുടെ ഓരോ കുഞ്ഞും ലോകത്തിലെ ഒരു കേന്ദ്രബിന്ദുവാണെന്ന് അവൾ കരുതി. പ്രത്യേക ഇഷ്ടാനിഷ്ടങ്ങൾ, ആഹാരത്തിൽ, വസ്ത്രത്തിന്റെ ബ്രാന്റ്, സ്റ്റൈൽ എന്നിവയിലെല്ലാം അവൾ ഒച്ചപ്പാടുണ്ടാക്കുമായിരുന്നു. എല്ലാ ഗെയിമുകൾക്കും സ്കൂളിലെ വിനോദപ്രദമായ പരിപാടികൾക്കും അവൾ പോകുമായിരുന്നു. അവൾ നല്ല അമ്മയും പ്രവർത്തിക്കുന്ന പ്രവർത്തനം ഇഷ്ടപ്പെടുന്ന ഒരു നായികയും കൂടിയായിരുന്നു. അവൾ കിടക്കയിലേക്ക് പോകുമ്പോൾ ഒന്നിനും കുറവില്ലാതെ 150 ശതമാനം കാര്യങ്ങളിൽ പരിപൂർണ്ണ ശ്രദ്ധ ചെലുത്തിയതായി അവൾ സ്വയമായി വിലയിരുത്തിയിരുന്നു.

അവളുടെ ഭർത്താവ് പോലും! ഓ, ബോബ്, പ്രത്യേകതയുള്ള ആളായിരുന്നു അവളുടെ ഓരോ ദിവസത്തെയും ലക്ഷ്യം അവൾ തന്റെ ഭർത്താവിനെ അറിയിച്ചിരുന്നു. ഭർത്താവിന്റെ ആവശ്യങ്ങൾ എല്ലാം അറിഞ്ഞു നടത്തിക്കൊടുക്കുമായിരുന്നു. അദ്ദേഹത്തിന്റെ മനസ്സ് അസ്വസ്ഥമായിരുന്നപ്പോൾ അവൾ വേണ്ട ആശ്വാസം പകർന്നു കൊടുത്തു. ഒരു ഭാര്യ എന്ന നിലയ്ക്ക് അവൾ ആർക്കും രണ്ടാമതായിരുന്നില്ല.

പക്ഷേ അവൾ തന്റെ വീട്ടിൽ ഒരു അടിമയായിരുന്നില്ല. അവൾക്ക് രസിക്കുവാനുള്ള അവസരം അനിത നോക്കി ഉപയോഗിച്ചിരുന്നു. ആ കാര്യങ്ങളിൽ അവളുടെ കഴിവു അവൾ വളർത്തിയെടുത്തിരുന്നു. അവൾ പാഠങ്ങൾ പെയിന്റ് ചെയ്തു. ഒഴിവു സമയങ്ങൾ അവളുടെ കലാസൃഷ്ടിക്കായി വിനിയോഗിച്ചു. പുതിയ തൊഴിലുകളായ വിലങ്ങനെയുള്ള തയ്യൽ, ലളിത ശിൽപങ്ങൾ എന്നിവ കൊണ്ട് അവളുടെ വീടിനെ അലങ്കരിച്ചിരുന്നു. ഇവയെല്ലാം തമാശയോടെ ചെയ്തതും ഉപയോഗപ്രദമായതും ആണ്. തികച്ചും മനോഹരമാണ് അവ എല്ലാം. അവയെല്ലാം വീടിനെ ശ്രദ്ധിക്കുന്നവരുടെ ഉത്പന്നങ്ങളായി കാണപ്പെട്ടു. സ്നേഹമുള്ള മാതാവ് തന്റെ മക്കളെ കരുതുന്നതും കാണപ്പെട്ടു. ആഹാ, ജീവിതം എത്ര നന്നായി പോകുന്നു!

അതെ അനേക ക്രിസ്ത്യാനികൾ അതിൽ തൽപരരാണ്. വീട്ടിലുള്ള എല്ലാവർക്കും നല്ല വസ്ത്രം ധരിച്ചു സഭ കൂടി വരുമ്പോൾ ആരാധനയ്ക്ക് ഒത്തു ചേരുന്നു. ദൈവപരിജ്ഞാനം കേട്ട് ആത്മീയമായി വളർന്നു വിവേകം പ്രാപിക്കുന്നു. അങ്ങനെ അവരുടെ ജീവിതത്തിന്റെ എല്ലാ വശങ്ങളിലും കാര്യങ്ങൾ സുഗമമായി നടക്കുന്നു.

എന്നാൽ ഒരു ക്ലാസ് എടുക്കാമോ? “ഓ എനിക്കതിന് സമയമില്ല”. ക്രിസ്ത്യാനികളായി തീരാത്തവരുടെ വീടുകളിൽ ഒരു സമയം നിശ്ചയിച്ച് ക്ലാസുകൾ സംഘടിപ്പിക്കരുതോ? “ഓ എനിക്ക് ഒട്ടും സമയമില്ല”.

അക്രൈസ്തവർക്കിടയിൽ അവരുടെ പ്രശ്നങ്ങളും ആത്മീയവും വൈകാരികവും സാമ്പത്തികവുമായ പ്രതിസന്ധികളിൽ അവരെ സഹായിക്കാമോ? “ഓ എനിക്ക് അതിന് സമയമില്ലെന്നേ”.

നിങ്ങളുടെ ഭംഗിയുള്ള വീട് അതിഥി സൽക്കാരത്തിനായി, ദൈവ

ത്തിന് ഫലം പുറപ്പെടുവിക്കുന്നതിനായി ഉപയോഗിക്കരുതോ? ''അതിന് സമയം കിട്ടുന്നില്ല''. രോഗികളെ സന്ദർശിക്കുവാനും അവിശ്വസ്തരായി ത്തീർന്ന ബലഹീനരെ പോയി സന്ദർശിക്കുന്നതിന് പോയിക്കൂടേ? ''ഓ, അതിന് സമയം വേണ്ടേ''? ബൈബിൾ കറസ്പോണ്ടൻസ് കോഴ്സ് നട ത്തുന്നത് സഹായിക്കാൻ പറ്റുമോ? ''ഓ, എനിക്കതിന് സമയമില്ല''.

ഈ സുന്ദര ലോകത്തിൽ നാം ഇരുന്ന് നമുക്ക് വേണ്ടതായ കാര്യ ങ്ങളുടെ ലിസ്റ്റ് തയ്യാറാക്കും, ചെയ്യേണ്ട നിയമാവലികൾ രൂപപ്പെടുത്തും. പക്ഷേ, അതിനെക്കാൾ പ്രാധാന്യമുള്ള ദൈവിക കാര്യങ്ങളിൽ നാം ശ്രദ്ധ കൊടുക്കണം. ക്രിസ്തീയ ഉത്തരവാദിത്വങ്ങൾ നിർവ്വഹിക്കാൻ നാം കടപ്പെട്ടിരിക്കുകയാണ്.

നല്ല ഭാര്യ, കുടുംബം നോക്കൽ, നല്ല ഭർത്താവ്, പിതാവ്, കുടും ബത്തിന് വേണ്ടി നൽകൽ എന്നിവ നല്ലതാണ്. ഈ കാര്യങ്ങൾ ഭംഗി യായി നാം നിറവേറ്റേണ്ടതുമാണ്. എന്നാൽ അവ നമ്മുടെ ആത്മീയ ജീവിതത്തെയും സമർപ്പണത്തെയും ബാധിക്കരുത്. ക്രിസ്ത്യാനിത്വം എന്നത് സ്വ സേവനം അല്ല. യേശു നമുക്ക് മാതൃക തന്നിരിക്കുന്നു (മ ത്തായി 20:28). അന്യോന്യം ശുശ്രൂഷിപ്പിൻ എന്ന് തിരുവെഴുത്ത് നമ്മെ പഠിപ്പിക്കുന്നു (ഗലാത്യർ 5:13).

✶

# വ്യതിചലിക്കലിന്റെ അപകടം

**റൊണാൾഡ് ഡി. ബി**

യാഥാർത്ഥ്യം നിങ്ങളെ നിരാശപ്പെടുത്തുമ്പോൾ, ഭീക്ഷണി അല്ലെങ്കിൽ വിരസത അനുഭവപ്പെടുമ്പോൾ നിങ്ങളുടെ പ്രതികരണം എന്തായിരിക്കും? നമ്മിൽ പലരും യാഥാർത്ഥ്യം നമ്മെ രസിപ്പിക്കാതെ വരുമ്പോൾ നമ്മെ വ്യതിചലിപ്പിക്കുന്ന ഉത്തേജനത്തെ അന്വേഷിക്കുന്ന ഒരു സ്ഥിതിയാണ് ഉണ്ടാകുന്നത്. വളരെ ഗൗരവമായ കാര്യങ്ങളാണെങ്കിൽ പോലും നാം ചെലവിടുന്നതിനെക്കാൾ ആവശ്യമായ സന്ദർഭത്തിൽ നാം കോട്ടുവാ യിട്ടു കൊണ്ടും ചുറ്റുപാടും നോക്കി ആകർഷണീയമായ മറ്റെന്തിലേ ക്കെങ്കിലും തിരിയും.

ഒരു കാര്യം നമ്മെ ഭീക്ഷണിപ്പെടുത്തിയാൽ നാം മറ്റു പരിചിത മായ കാര്യങ്ങളിൽ ആശ്വാസം കണ്ടെത്താൻ ശ്രമിക്കും. നമുക്ക് കൈകാര്യം ചെയ്യാൻ പ്രയാസമുള്ള ഒരു കാര്യം നേരിട്ടാൽ പ്രയാസമി ല്ലാത്ത മറ്റെന്തെങ്കിലും ചെയ്യാൻ നാം ശ്രമിക്കും. മതപരമായ കാര്യങ്ങ ളിൽ പോലും പ്രത്യേകിച്ച് വ്യതിചലിക്കുവാനുള്ള പ്രേരണ കൂടുതലാണ്. അതിന്റെ കാരണത്തെ വിശദമായി പരിശോധിച്ചാൽ ആരാധനയ്ക്കു പോകുന്നവരും പള്ളികളിൽ പോകുന്നവരും ഗൗരവമായ ബൈബിൾ പഠനം, അച്ചടക്കമുള്ള പ്രാർത്ഥന, ആരാധന എന്നിവ ഉപേക്ഷിക്കുന്ന തായി കാണാം. പലരിലും വരുത്തേണ്ട അച്ചടക്ക നിർദ്ദേശങ്ങളെ ശ്രദ്ധി ക്കാതെ വിടുന്നു എന്നതാണ് അനേകരിലും ഉള്ള കാര്യം. അത് അവരെ പരാജയപ്പെടുത്തും (എഫെസ്യർ 5:15–20).

മതപരമായ വലിയ വ്യതിചലനങ്ങൾക്കുള്ള കാരണങ്ങളിൽ ഒന്നാണ് മാനുഷിക ഊഹാപോഹങ്ങൾ. നിഷേധിക്കാനാകാത്ത പര മാർത്ഥമാണ് മനുഷ്യരായ നാം കാര്യങ്ങളെ സങ്കൽപിക്കും എന്നത്.

സിദ്ധാന്തങ്ങൾ മെനയുവാനും അഭിപ്രായങ്ങൾ പാസാക്കുവാനും നാം മിടുക്കരാണ്. കാരണം അത് വളരെ എളുപ്പമാണ്. ദൈവ വചന ത്തിലെ വളരെ ചെറുതെന്ന് തോന്നിക്കുന്ന സത്യമായാലും അതിൽ നിന്ന് വ്യതിചലിപ്പിക്കുന്ന എന്തു തന്നെയായാലും വേദനയുണ്ടാക്കന്നതാണ് (യാക്കോബ് 1:20–21).

ദൈവ വചനത്തോടൊപ്പം മനുഷ്യരുടെ അഭിപ്രായങ്ങളും എടു ത്തുകൊണ്ട് വിശ്വാസികൾ എന്നു പേരെടുത്തിരിക്കുന്നു എന്ന് അൽപം വേദനയോടെ ഞാൻ പറയട്ടെ. മനുഷ്യരുടെ ഉപദേശങ്ങൾ എല്ലാം തന്നെ മാനുഷിക സങ്കൽപത്തിൽ നിന്ന് ഉടലെടുക്കുന്നതാണ്. അവയെ ആശ്ലേ ഷിച്ച് സ്വീകരിക്കുന്നവർ അപകടം വിളിച്ചു വരുത്തുകയാണ് ചെയ്യുന്നത് (മത്തായി 15:8–9 ; ഗലാത്യർ 1:8–9).

പിന്നെ ചില അമിതമായ വ്യത്യാസം പ്രകടിപ്പിക്കുന്നവർ ഉണ്ട്. മതപരമായ വ്യവസായം നടത്തുന്നവരുടെ അമിതാവേശം എല്ലാ കാലത്തും ഉണ്ടായിട്ടുണ്ട്. ജനങ്ങളിൽ ആവേശം ഉണർത്തുന്ന പ്രത്യേക പരിപാടികൾ അവർ നടത്തും. ഇടയ്ക്കിടെ ആത്മീയമെന്ന രീതിയിൽ അവർ നടത്തുന്നവയൊന്നും ആത്മീയ പ്രയോജനം ചെയ്യുന്നതല്ല എന്നോർക്കണം. വ്യക്തിപരമായ ആവേശങ്ങൾ അമിതമായി എടുത്തു

കൊണ്ട് ആളുകൾ കയ്യടി വാങ്ങുന്നവരും ഇവരിൽ പെടുന്നു. അവരുടെ ലക്ഷ്യം തങ്ങളുടെ വ്യവസായ ശുശ്രൂഷയുടെ ഉയർച്ചയ്ക്കു പണം ആവശ്യമാണ്. ആ നേട്ടം കൈവരിക്കുവാനാണ് അവർ നോട്ടമിടുന്നത്.

അമിതാവശേം പലപ്പോഴും അനിയന്ത്രിതമായി പോകുന്നു; പരിധി വിട്ടു പോകുന്നു. അവിശ്വസിനീയമായ അവകാശവാദങ്ങൾ പെരുകുന്നു. അന്യ ഉപദേശങ്ങൾ അവർക്കിടയിൽ നുഴഞ്ഞുകയറുന്നു. അങ്ങനെ അവർ കാണിക്കുന്ന വിക്രിയകളിൽ മനം മയങ്ങി വൻ ജനക്കൂട്ടം അവരെ അനുഗമിക്കുന്നു. പക്ഷേ പറ്റുന്ന കുഴപ്പം എന്തെന്നാൽ ആത്മാക്കൾ ദൈവേഷ്ടത്തിൽ നിന്നും അകന്നു പോകുകയാണ് (മത്തായി 7:21-23). വലുതും ഉയർന്നതുമായതെന്ന് തോന്നിക്കുന്ന ആകർഷണീയമായ കാര്യങ്ങൾ ആണ് ഈ മതവ്യവസ്ഥയിൽ ചെയ്യുന്നത്. കുറേ കഴിയുമ്പോൾ ജനങ്ങളെ വീണ്ടും ആവേശഭരിതരാക്കാൻ അവർ വിഷമിക്കും.

വിശുദ്ധ ആചാരങ്ങളുടെ വ്യത്യാസം ആണ് അടുത്തത്. ആദരണീയവും വിശുദ്ധവുമായ ആചാരങ്ങൾ അംഗീകരിക്കത്തക്ക വാക്കുകളിലൂടെ ശരിയായതെന്നു തോന്നും വിധത്തിലുള്ള പ്രസ്ഥാനങ്ങളിലൂടെ വിനയപൂർവ്വം നടത്തുമ്പോൾ ആളുകൾ അത് സ്വീകരിക്കാൻ ഇടയാകും. അവരുടെ ഇത്തരം പ്രദിക്ഷണവും അതിനോടൊപ്പമുള്ള സമ്പ്രദായങ്ങളും മതത്തിന്റെ ഭാഗമായി അവർ മാറ്റിയിരിക്കുന്നു. അവ ദൈവേഷ്ടത്തിന് വിരുദ്ധമാണ്. അവ നാദാബിന്റെയും അബീഹൂവിന്റെയും പ്രവൃത്തിയോട് താരതമ്യം ചെയ്യാവുന്നതാണ് (ലേവ്യപുസ്തകം 10). അവ എത്ര നന്നായി അവതരിപ്പിച്ചാലും വിശുദ്ധിമല്ല, മലിനമാണ്. പ്രചുര പ്രചാരത്തിലിരിക്കുന്നവ ആയാലും അവ മാനുഷികമാണ്. അതിൽ ആശ്ചര്യപ്പെടാനൊന്നുമില്ല. സിനിമാ തിയേറ്റർ പ്രചാരത്തിലുള്ളതാണെന്ന് അറിയാത്തവർ ആരാണുള്ളത്? നാടകങ്ങൾ ആവേശം കൊള്ളിക്കുന്നതാണെന്ന് അറിയാത്തവർ ആരുണ്ട്? എങ്ങനെയായാലും തിയേറ്റർ ആരാധനയല്ല! നാടകം ധ്യനമല്ല, വിനോദം ദൈവത്തെ ആദരിക്കുന്നതുമല്ല. ശ്രേഷ്ഠമായ സത്യം എന്തെന്നാൽ ദൈവം മനുഷ്യരിൽ സത്യാരാധകരെ പ്രതീക്ഷിക്കുന്നു (യോഹന്നാൻ 4:23-24).

ഈ വിധത്തിലുള്ള വ്യതിചലനത്തിൽ പെടുന്ന കാര്യമാണ് രോഗശമനത്തെ സംബന്ധിച്ചത്. മതപരമായ സന്ദർഭങ്ങളിൽ ഉൾപ്പെട്ട രോഗ

ശാന്തിയെ കുറിച്ച് വളരെ ശ്രദ്ധിച്ച് പരിശോധിക്കേണ്ടിയിരിക്കുന്നു. അത് ദൈവവചനപ്രകാരം നടക്കുകയോ ദൈവത്തിന് മഹത്വം കൊടുക്കുകയോ ചെയ്യാതിരുന്നാൽ അത് വ്യതിയാനം തന്നെയാണ്. ചിലർ ഈ കാര്യത്തിൽ ദൈവ വചനത്തെ തെറ്റായി എടുക്കുന്നത് ഗൗരവമായി എടുക്കണം. ധാർമികതത്വത്തെക്കുറിച്ച്, കുടുംബ ജീവിതത്തെക്കുറിച്ച്, ആരോഗ്യമായ ബന്ധത്തെക്കുറിച്ചെല്ലാം ദൈവം അരുളിചെയ്തിരിക്കുന്നത് ദൈവിക കൽപനയാണ്. അത് മാനുഷികമായ ആലോചനയോ, സങ്കൽപമോ അല്ല (എഫെസ്യർ 5:22-23 ; കൊലോസ്യർ 3:18-23). മനുഷ്യരുടെ അഭിപ്രായങ്ങൾ അവർ പഠിച്ചതാണ്. അതൊരിക്കലും ദൈവ കൽപനയ്ക്ക് സമമാകുകയില്ല.

മുകളിൽ പറഞ്ഞ പരിപാടികൾ ആളുകളെ ഇളക്കുന്നതിനും ഉണർത്തുന്നതിനും ഉത്തേജിപ്പിക്കുന്നതിനും വേണ്ടി ഉപയോഗിക്കുന്നത് മരുന്നും പണവും രാഷ്ട്രീയവും പോലെയാണ്. ആത്മിയ ഗോളങ്ങളിൽ അവ ഉപയോഗിക്കുമ്പോൾ അത് അപകടകരമായ വ്യതിചലനങ്ങൾ ഉണ്ടാക്കുന്നു. അവസാനം അവ നാശകരമായ ഭേദങ്ങളായി മാറുന്നു എന്നത് പരമാർത്ഥവുമാണ് (കൊലോസ്യർ 2:18-23). മതചരിത്രം പരിശോധിച്ചാൽ ഇത്തരം ഓരോ സംഭവങ്ങൾ ഇഷ്ടപ്പെടുന്നവരും അല്ലാത്തവരും തമ്മിലുണ്ടായ പിണക്കത്തിന്റെ ഫലമായി സഭയിൽ പിളർപ്പുകൾ ഉണ്ടായതായി കാണാം.

✶

# കർത്തൃമേശയിൽ നിന്ന് ആർക്ക് പങ്കെടുക്കാം?

ജെ. സി. ചോട്ട്

യേശുവിന്റെ മരണം, അടക്കം, ഉയിർത്തെഴുന്നേൽപ് എന്നിവയ്ക്ക് മുൻപ് യേശു സ്ഥാപിച്ചതാണ് കർത്തൃമേശ (മത്തായി 26:26-28). തന്റെ ശരീരത്തെ പ്രതിനിധാനം ചെയ്യുന്നതാണ് അപ്പമെന്നും പാനപാത്രം അഥവാ മുന്തിരിവള്ളിയുടെ അനുഭവം രക്തത്തെ പ്രിതനിധാനം ചെയ്യുന്നതാണ് എന്നും യേശു പറയുന്നു. തന്റെ പിതാവിന്റെ രാജ്യമാകുന്ന സഭയിൽ

വീണ്ടും താൻ ശിഷ്യന്മാരുമായി പങ്കെടുക്കുന്നത് വരെ ഇനി അതിൽ നിന്ന് പങ്കെടുക്കുകയില്ല എന്നും അവൻ തന്റെ മരണത്തിന് മുൻപും പ്രസ്താവിക്കുകയുണ്ടായി.

ഓർമ്മയുടെ അത്താഴ മേശയിൽ നിന്ന് ആർക്ക് പങ്കെടുക്കാൻ കഴിയും? ക്രിസ്തുവിന്റെ ശിഷ്യന്മാരായി തീർന്ന ക്രിസ്ത്യാനികൾ, ദൈവ രാജ്യത്തിലെ, സഭയിലെ, അവന്റെ ഭവനത്തിലെ അംഗങ്ങളായി തീർന്ന വർ (പ്രവൃത്തി 2:38, 47 ; പ്രവൃത്തി 20:7). എന്നാൽ ആഴ്ചവട്ടത്തിന്റെ ഒന്നാം നാളിൽ നാം കൂടി വരുമ്പോൾ കർത്തൃദിവസമായ ഞായറാഴ്ച - എല്ലായ്പ്പോഴും നമുക്കറിയമോ ആരാണ് ക്രിസ്ത്യാനി, ആരാണ് ക്രിസ്ത്യാനി ആകാത്തത് എന്ന്?

തീർച്ചയായും പ്രാദേശിക സഭയിൽ അംഗങ്ങൾ എണ്ണിക്കൂടാത്ത വണ്ണം കൂടുതലെങ്കിൽ അംഗങ്ങൾക്ക് അന്യോന്യം അറിയാം. പുതുതായി വരുന്നവർ ഒഴിച്ച് പഴയ ആളുകളെ അവർക്ക് തിരിച്ചറിയാൻ വിഷമ മുണ്ടാകുകയില്ല. സന്ദർശകരായി വരുന്നവർ കാണും. പ്രത്യേകിച്ച് മറ്റു പട്ടണങ്ങളിൽ നിന്ന്, രാജ്യങ്ങളിൽ നിന്ന് വരുന്ന അപരിചിതരായ ആളു കൾ കാണും. പ്രാദേശിക സഭയിലെ അംഗങ്ങൾക്ക് അവരെ നേരത്തെ പരിചയപ്പെടുവാനും അവർ കർത്താവിന്റെ സഭയിലെ അംഗങ്ങൾ ആണോ എന്നറിയാനും അവസരം കിട്ടിയില്ലെങ്കിലോ? കർത്തൃമേശ ശുശ്രൂഷ ചെയ്യുന്നവർ അവർക്കു ബോധ്യമുള്ളവർക്ക് മാത്രം കൊടുക്കു കയും മറ്റുള്ളവരെ ഒഴിവാക്കുകയും ചെയ്യാമോ? അതോ അതിഥികൾക്കും അതിൽ നിന്നു പങ്കെടുക്കുവാനുള്ള അവസരം കൊടുക്കാമോ?

ചിലർ വിചാരിക്കുന്നത് സഭയിലെ അംഗങ്ങൾക്ക് മാത്രമേ കർത്തൃ മേശ അനുവദനീയമായിട്ടുള്ളൂ എന്നാണ് ഈ പരിശീലനത്തെ അടച്ച മേശ എന്ന് വിളിക്കുന്നു. അതിന്റെ അർത്ഥം പുറത്തുള്ളവർക്ക് കർത്തൃ മേശ അടച്ചുവെച്ചിരിക്കുന്നു എന്നാണ്. സഭയിലെ അറിയാവുന്ന അംഗ ങ്ങൾക്കു മാത്രമാണ് അവർ മേശ അനുവദിക്കുന്നത്. പക്ഷേ ഈ അടച്ച മേശ എന്ന പരിശീലനത്തിൽ ചില സഭാ അംഗങ്ങൾക്കും, പ്രാദേശിക സഭയിലെ അംഗങ്ങൾക്കും വരെ അറിഞ്ഞുകൂടാ എന്ന കാരണത്താൽ നിഷേധിക്കപ്പെടുന്നു.

കർത്തൃമേശ, കർത്താവിന്റെ സഭയിലെ അംഗങ്ങൾക്കുള്ളതാണ് എന്നതിൽ തർക്കമില്ല. അത് സത്യവുമാണ്. പക്ഷേ, ക്രിസ്ത്യാനികളാ

കാത്തവർ ആരെങ്കിലും അതിൽ നിന്നും ഭക്ഷിച്ചാലോ? ആ ചോദ്യത്തിന് ഉത്തരം നൽകുവാൻ മറ്റൊരു ചോദ്യം ചോദിക്കാം. കർത്തൃമേശ എടുക്കാൻ ആരാണ് യോഗ്യർ എന്ന് വിധി നിർണ്ണയിക്കുവാൻ മനുഷ്യർക്ക് ആരാണ് അധികാരം കൊടുത്തത്? തീർച്ച. ഒരാൾ കർത്താവിന്റെ സഭയിൽ ഒരംഗമായി തീർന്നില്ലെങ്കിൽ, ഒരംഗം അവിശ്വസ്തനായി തീർന്നാൽ അയാൾ മേശയിൽ നിന്ന് പങ്കെടുക്കാൻ പാടില്ല എന്ന് നമുക്കറിയാം. എന്നാൽ ഒരാൾക്ക് കൊടുക്കാൻ പാടില്ല എന്ന് തീരുമാനിക്കാൻ നമുക്ക് എന്താണവകാശം? ക്രിസ്ത്യാനികളായി തീർന്നവർ എന്ന് നമുക്കറിയാവുന്നവരുടെ ഹൃദയവിചാരങ്ങൾ നമുക്കറിഞ്ഞു കൂടാ. ഒരു പക്ഷേ നമ്മുടെ അറിവിൽ പെടാത്ത പാപത്തിന് ചിലർ ഇരയായിട്ട് മേശയിൽ നിന്നു പങ്കെടുക്കുന്നവർ കണ്ടേക്കാം. കടം കൊടുത്തു തീർക്കാത്തവർ കാണും, പാപസ്വഭാവം വെച്ചു പുലർത്തുന്നവർ കാണും, കുടുംബം കലക്കിയവർ കാണും. നമുക്കറിവില്ലാത്ത പല തെറ്റുകളും ചെയ്തിട്ട് മേശയിൽ നിന്നും പങ്കെടുക്കുന്നവർ ഉണ്ടാകാം. മറ്റൊരാളുടെ ഹൃദയത്തെ അറിയാവുന്ന ഒരു മനുഷ്യനും ഇല്ല. അതുകൊണ്ട് മറ്റുള്ളവരെ വിധിക്കുവാനും കഴിയുകയില്ല.

മുകളിൽ ചോദിച്ച ചോദ്യങ്ങൾക്കു ഉത്തരം കണ്ടെത്തുന്നതിനായി അപ്പോസ്തോലനായ പൗലോസ് പറയുന്നത് ശ്രദ്ധിക്കുക: ''അതുകൊണ്ട് അയോഗ്യമായി അപ്പം തിന്നുകയോ കർത്താവിന്റെ പാനപാത്രം കുടിക്കുകയോ ചെയ്യുന്നവൻ എല്ലാം കർത്താവിന്റെ ശരീരവും രക്തവും സംബന്ധിച്ച് കുറ്റക്കാർ ആകും. മനുഷ്യൻ തന്നെത്താൻ ശോധന ചെയ്തിട്ടു വേണം ഈ അപ്പം തിന്നുകയും പാനപാത്രത്തിൽ നിന്നു കുടിക്കുകയും ചെയ്‌വാൻ. തിന്നുകയും കുടിക്കുകയും ചെയ്യുന്നവൻ ശരീരത്തെ വിവേചിക്കാഞ്ഞാൽ തനിക്ക് ശിക്ഷാവിധി തിന്നുകയും കുടിക്കുകയും ചെയ്യുന്നു''. (1 കൊരിന്ത്യർ 11:27-29). നാം കേൾക്കുന്നതു ഒരു വിശാലമായ നിയമം രൂപപ്പെടുത്തി സംസാരിക്കുന്നതാണ്. പക്ഷേ, തിരുവെഴുത്ത് പറയുന്നത് വ്യക്തികളെ നാം പരിശോധിക്കണം എന്നല്ല. മറിച്ച് വ്യക്തികൾ അവനവനെത്തന്നെ ശോധന ചെയ്യണം എന്നാണ്. തിരുവെഴുത്ത് പഠിപ്പിക്കുന്നതനുസരിച്ചാണോ അവർ ജീവിക്കുന്നത് എന്ന് പരിശോധിക്കണം. നമ്മുടെ ജോലി അതെങ്ങനെ എടുക്കണമെന്ന തിരുവെഴുത്ത് പഠിപ്പിക്കുക എന്നതാണ്. പിന്നീട് അതെടുക്കുന്ന വ്യക്തിയാണ് പരിശോധിച്ച് എടുക്കേണ്ടത്. നാം ആരെയെങ്കിലും പങ്കെടുക്കുന്നതിൽ

നിന്നും മാറ്റി നിർത്തിയാൽ അതവർക്ക് വേദനയുണ്ടാക്കും. പിന്നെ അവരെ പഠിപ്പിച്ചെടുക്കാൻ കിട്ടി എന്നു വരുകയില്ല. അംഗമാകാത്ത ആളോ, അവിശ്വസ്തരായി തീർന്നവരോ എടുക്കുന്നു എങ്കിൽ അവരെ തുടർന്ന് പഠിപ്പിക്കണം. ക്രമേണ അവർ തെറ്റു മനസ്സിലാക്കി തിരുത്തും.

അവിശ്വസ്തനായി ജീവിക്കുന്ന ഒരാൾ കർത്തൃമേശയിൽ നിന്നും പങ്കെടുത്താൽ നമുക്ക് ഒരു ഉത്തരവാദിത്വമുണ്ട്. നാം ആ വ്യക്തിയുടെ അടുക്കൽ ചെന്ന് സ്നേഹത്തോടെ ആ വ്യക്തിയുടെ തെറ്റു തിരുത്താൻ പ്രോത്സാഹിപ്പിക്കുക. വിശ്വസ്തനായി തീർന്ന് യോഗ്യമായി കർത്തൃ മേശ സ്വീകരിക്കാൻ വചനത്താൽ പ്രബോധിപ്പിക്കുക. അതു പോലെ സുവിശേഷം അനുസരിക്കാത്ത സഭാംഗമല്ലാതെ ഒരാൾ മേശയിൽ നിന്നു ഭക്ഷിക്കുന്നത് കണ്ടാൽ അയാളെ വചനം പഠിപ്പിച്ചെടുക്കണം. കർത്തൃ മേശയുടെ ഉദ്ദേശ്യവും പ്രാധാന്യവും സത്യസന്ധമായി പരിശോധിച്ച് എടുക്കേണ്ടതിനെക്കുറിച്ചും അയാളെ പ്രബോധിപ്പിച്ചെടുക്കേണം.

തിരുവെഴുത്തിൽ "അവനവൻ തന്നെത്താൻ ശോധന ചെയ്തിട്ടു വേണം" എന്ന് പൗലോസ് പറഞ്ഞിരിക്കുന്നത് മേശയിൽ ശുശ്രൂഷ ചെയ്യു ന്നവരെയും കൂടെ സൂചിപ്പിച്ചു കൊണ്ടാണ് എന്നതിൽ രണ്ടു പക്ഷമില്ല. വിശ്വസ്തരെന്ന് പറയപ്പെടുന്നവരും ശോധന ചെയ്യണം. നമ്മുടെ ഹൃദ യങ്ങളിൽ നടക്കുന്നത് മനുഷ്യർക്ക് ആർക്കും അറിയാൻ സാദ്ധ്യമല്ല. സത്യ സന്ധമമായ ശോധന നടത്തുക എന്നതാണ് നമ്മുടെ ഉത്തരവാദിത്വം. നമ്മുടെ തെറ്റുകളും ശരികളും നമുക്ക് അറിയാമല്ലോ.

ഓർമ്മ പുതുക്കലിന് വേണ്ടിയുള്ളതാണ് കർത്താവിന്റെ മേശ. എന്റെ ഓർമ്മയ്ക്കായി ഇത് ചെയ്യുവിൻ എന്നാണ് കർത്താവ് പറഞ്ഞത്. ആഴ്ചവട്ടത്തിന്റെ ഒന്നാം നാളിലാണ് ക്രിസ്ത്യാനികൾ അപ്പം നുറുക്കാൻ കൂടി വന്നിരുന്നത്. പുതിയ നിയമം അനുസരിച്ച് ജീവിക്കുന്നവർ അത് മുടക്കാതെ എടുക്കുന്നു. നമ്മുടെ സൗകര്യവും സമയവും നോക്കി എടു ക്കേണ്ടതല്ല കർത്തൃമേശ. അത് വിശുദ്ധിയും വേർപാടും ആചരിച്ച് വേണം ചെയ്യേണ്ടത്.

✶

*Watch!*

# SATHYANADAM

## TV PROGRAME

## TRUE GOSPEL MESSAGE

**Speaker:**

# Bro.P.K. VARGHESE

Saturday **6 am to 6.30 am**

**On JAI HIND CHANNEL**

കേൾക്കുക!

# സത്യനാദം

ബ്രദർ.പി.കെ

വർഗ്ഗീസ്

പ്രസംഗിക്കുന്നു

എല്ലാ ശനിയാഴ്ച്ചയും

രാവിലെ 6 മണിക്ക്

ജയ്ഹിന്ദ് ടിവിയിൽ

കേൾക്കുക!

The English Voice of Truth is available.
One can contact Philemon or Kingsley at:
P.C. Philemonrajah, P.O. Box 15, 45 C/1 Church Lane,
Coronation Street, Arasardi, Madurai 625016
Mobile : 9244204420, 9244214421(Kingsley), 0452-2607026(Landline)

## Gospel Preaching On Television & Radio

| | | |
|---|---|---|
| Tamil : | Nambikkai TV | - Every Saturday at 8.00 pm |
| | Tamilan TV | - Every Monday at 6.00 pm |
| | Speaker : **Arjunan** | |
| | Tamilan TV | - Every Sunday at 6.45 am |
| | Nambikkai TV | - Every Sunday at 3.30 pm |
| | Speaker : **Philemon & Kingsley** | |
| | Tamilan TV | - Every Monday at 7.00 am |
| | | Every Thursday at 9.30 pm |
| | | Every Saturday at 7.15 am |
| | Speaker : **Rajanayagam** | |
| Hindi : | Subhasandesh TV | - Every Sunday & Tuesday at 7.00 pm |
| | Speaker : **Sunny, Francis & Vinay David** | |
| Malayalam : | Jai Hind TV | - Every Saturday at 6.00 am |
| | Speaker : **P. K. Varghese** | |
| Telugu : | Subhavartha TV | - Every Sunday 6.00 pm |
| | Rakshana TV | - Every Wednessday 6.30 pm |
| | Rakshana TV | - Every Thursday 11.00 am |
| | Sathyavani TV | - Every Wed & Friday 8.00 pm |
| | | www.sakthitv.in |
| | Aradhana TV | - Every Saturday at 6.30 am |
| | Kanthi TV | - Everyday at 7.30 am & 3.30 pm |
| | Speakers : **Joshua & Ricky Gootam** | |
| Manipur : | TC Network | - Every Monday at 6.30 pm |
| | TC Network | - Every Wed. & Friday at 6.00 am |
| | Speaker : **Thang Lien** | |

*Join us to worship God in Spirit and Truth*

*The*

**CHURCH OF CHRIST**

Meets at T.C. 27/225

Thampuranmukku, Trivandrum-35

**Sunday- Worship- 10.00 am**

**Tuesday- Bible Study- 6.00 pm**

ALL ARE WELCOME



All correspondence should be sent to the Editor, The Bible Truth Church of Christ, Thampuranmukku, Trivandrum-35, Kerala, India

From
THE BIBLE TRUTH
Church of Christ
Thampuranmukku,
Trivandrum-35
Kerala, India.
Phone: 2303378


To